NO - 1. C-T-1

# ക്രിസ്ത്യാനി മോസ്കോവിലോ?



ഫ്രദർ വടക്കൻ

# യേശുക്രിസ്തു മോസ്കാവിലോ?

*By*

ബ്രദർ വടക്കൻ

11555

ഒന്നാംപതിപ്പ് 8—8—1952. കോപ്പി 3000
രണ്ടാംപതിപ്പ് 8—9—1952. കോപ്പി 10000
മൂന്നാംപതിപ്പ് 2—2—1953. കോപ്പി 15000

പ്രസാധകർ:

എസ്. എച്ച്. ലീഗ്,
യു. സി. കോളജ് P. O.
ആലുവാ.

വില 3ണ.

m/232.9
VAD-Y

# യേശുക്രിസ്തു മോസ്കോവിലോ?

നമ്മുടെ നാട്ടിൽ ഒരു 'നാലണപ്പുസ്തകം' പുറത്തു വന്നിട്ടുണ്ട്. 'യേശുക്രിസ്തു മോസ്ക്കോവിൽ' എന്നാണു പുസ്തകത്തിന്റെ നാമം. പ്രകാശക്കതിരുകൾ നാലുപാടും തൂകുന്ന ഒരു നെടുംകുരിശാണു പുറംചട്ടയിൽ! ഉള്ളടക്കത്തിൽ ബൈബിളിലെ സ്വർഗ്ഗീയസൂക്തികളും! പോരേ, ഇതിലപ്പുറം എന്തു വേണം ക്രൈസ്തവരുടെ കൺകുളിർപ്പിക്കാൻ?

കാര്യംപറഞ്ഞാൽ കടുത്തൊരു കമ്യൂണിസ്റ്റ് പ്രസിദ്ധീകരണമാണീപുസ്തകം. 'നവയുഗം' പത്രാധിപർ സ. ദാമോദരൻ ഗ്രന്ഥകർത്താവും. മോസ്കോവിൽ വാഴുന്ന സ്റ്റാലിൻ സാക്ഷാലൊരു ക്രിസ്തുവാണെന്നു സ്ഥാപിക്കാനാണ് അപ്പുസ്തകം വഴി സഖാവ് സാഹസപ്പെടുന്നത്.

ഇന്നാട്ടിലെ ക്രിസ്ത്യാനികളുടെ തലയിലുള്ളതു വെറും ചകിരിച്ചോറല്ലെന്നു സഖാവു മനസ്സിലാക്കിയില്ല. ഏതായാലും പച്ചപ്പൊളുംകള്ളം പറഞ്ഞുപരത്തുന്ന കമ്യൂ. കൊടുംവഞ്ചനയുടെ നഗ്നരൂപം വെളിക്കു കാട്ടാൻ ഈ പുസ്തകം നല്ലൊരു സാമ്പിളാണ്; സംശയമില്ല.

## അവരുടെ ക്രിസ്തുപ്രേമം

ആദ്യപേജുകളിൽ ക്രിസ്തുവിനെ വാനോളം പാടിപ്പുകഴ്ത്തിയിരിക്കുന്നു. അടിമകളുടെയും അനാലംബരുടെയും ആശാകേന്ദ്രമെന്നുതന്നെ ക്രിസ്തുവിനെ സഖാവു സംബോധനചെയ്തിരിക്കുന്നു. 'പാവങ്ങൾ ശക്തനായ ഒരു ദൈവപുത്രനെ പ്രതീക്ഷിച്ചിരുന്നു'വെന്നും സഖാവു സമ്മതിക്കുന്നു. ക്രിസ്തുനാഥന്റെ കരുണാസമ്പൂർണ്ണങ്ങളായ ചില ചില അമൃതോക്തികൾ ഉദ്ധരിച്ചിട്ടുമുണ്ട്. അങ്ങനെ, കഴിഞ്ഞ മെയ് 31ാം തീയതി

കോട്ടയം തിരുനക്കരമൈതാനത്തിൽവച്ച് "സ്റ്റാലിൻ ഒരു നിരീശ്വരനാണ്; ഞാനും ഒരു നിരീശ്വരനാണ്" എന്നു പട്ടാപ്പകൽ തട്ടിമൂളിച്ച സഖാവു ദാമോദരൻ ഇന്നിതാ ക്രിസ്തുവിന്റെ അപദാനങ്ങൾ കീർത്തിച്ചുകൊണ്ടു പ്രത്യക്ഷപ്പെടുന്നു!

ക്രിസ്തുവിന്റെ സാധുജനസ്നേഹത്തെക്കുറിച്ചു ധാരാളം സുവിശേഷവാക്യങ്ങൾ നിരത്തിവച്ചു നമ്മുടെ സഖാവ് അവിടുത്തെ ആദ്ധ്യാത്മികദാഹത്തെക്കുറിച്ച് ഒരൊറ്റയക്ഷരം ഉരിയാടിക്കാണുന്നില്ല. കമ്യൂണിസ്റ്റ് കസർത്തുവിദ്യയുടെ ഒരു പ്രത്യേകതയാണിതു്. സഖാവിനേക്കാൾ ആയിരംമടങ്ങ് ആർജ്ജവത്തോടെ ഞങ്ങൾ പ്രഖ്യാപിക്കുന്നു: "ക്രിസ്തുനാഥൻ ദുഷിച്ച മുതലാളിത്തത്തെ ശപിച്ചു. ദുഷ്പ്രഭുത്വത്തെ പഴിച്ചു. അവശരെയും അടിമകളെയും ആ ദീനവത്സലൻ ആഞ്ഞുപുൽകി. മർദ്ദിതവർഗ്ഗത്തിന്റെ സമുദ്ധാരണാർത്ഥം ആ 'മനുഷ്യപുത്രൻ' പടവെട്ടി. എന്നാൽ ഭൗതികാതീതമായ മറെറാരു തീവ്രദാഹംകൂടി ക്രിസ്തുവിന്റെ നിർമ്മലഹൃത്തിനെ തുടിപ്പിച്ചിരുന്നു; ഒരഗാധചിന്ത അവിടുത്തെ ചോരവിയർപ്പിച്ചിരുന്നു. അതേ, മർദ്ദകരുടെയും മർദ്ദിതരുടെയും ആദ്ധ്യാത്മികനിർവൃതിയ്ക്കുവേണ്ടി ആ സ്നേഹമൂർത്തി ഉഴറി. ഈ സത്യം മനസ്സിലിരുത്താതെ സ: ദാമോദരനെപ്പോലെയുള്ള മുരച്ചനിരീശ്വരവാദികൾ ആ സ്വർഗ്ഗീയതേജ:പുഞ്ജത്തെയെടുത്ത് അമ്മാനമാടുന്നതു കാണുമ്പോൾ വ്യസനിക്കുകയല്ലാതെ എന്തുചെയ്യും. ദാമോദരൻ ഉദ്ധരിച്ചിരിക്കുന്നു: "ഒടുവിൽ യൂദാസിന്റെ സഹായത്തോടെ അവർ യേശുവെ കുരിശിലേററി. മർദ്ദിതവർഗ്ഗക്കാരുടെ നേതാവായ ആ മഹാത്മാവിന്റെ ശരീരത്തിൽനിന്നു രക്തമൊഴുകുന്നതു കണ്ടു് അവർ (മർദ്ദകർ) ആഹ്ലാദിച്ചു പൊട്ടിച്ചിരിച്ചു." ആ ഘട്ടത്തിൽ, മരക്കുരിശിൽ മലർന്നു തൂങ്ങിക്കിടന്ന് ഊർദ്ധ്വശ്വാസംവിടുന്ന ക്രിസ്തുവിൽനിന്ന് ഒരന്ത്യവചനം നിർഗ്ഗളിച്ചതു സഖാവു ദാമോദരൻ ഉദ്ധരിക്കുന്നില്ല. "സ്വർഗ്ഗീയപിതാവേ,

എന്റെ ആത്മാവിനെ അങ്ങയുടെ പക്കൽ ഞാൻ സമർപ്പിക്കുന്നു." ഈ അന്ത്യമൊഴിയുടെ അർത്ഥം കമ്മ്യൂണിസ്റ്റ്കാർക്കറിയാമെല്ലിൽ പറഞ്ഞുതരണം. "സ്വർഗ്ഗീയപിതാവ്", "എന്റെ ആത്മാവ്"—ഈ പദപ്രയോഗത്തിന്റെ പരമപ്രാധാന്യമാണു 'കമ്മ്യൂ. വി. മുന്നണി'യുണ്ടാകുവാനുള്ള പ്രമുഖകാരണമെന്നു സഖാക്കൾ മനസ്സിലാക്കണം. കാൽവരിബലിയുടെ അർത്ഥവ്യാപ്തിയെപ്പററി ഒരു മാർക്സിസ്റ്റ്കാരനായസഖാവു ദാമോദരൻ എന്തൊന്നാണു ധരിച്ചുവെച്ചിട്ടുള്ളതു്?

## ക്രിസ്തു നിരീശ്വരനോ?

മാർക്സിസത്തിൽ അടിയുറപ്പിച്ചിട്ടുള്ള കമ്മ്യൂ. പാർട്ടി ലെനിന്റെയും സ്റ്റാലിന്റെയും നേതൃത്വത്തിൽ ക്രിസ്തുദൌത്യം നിർവ്വഹിക്കുകയാണെന്നാണ് സഖാവ് ജല്പിക്കുന്നതു്. മോസ്ക്കോവിലാണത്രെ ക്രിസ്തുവിന്റെ ഇരിപ്പിടം! മാർക്സും ലെനിനും സ്റ്റലിനുമെല്ലാം എമ്മാത്രം ക്രിസ്തുവിനെ മാനിച്ചിരുന്നുവെന്നു ഞാൻ വ്യക്തമാക്കിത്തരാം. ഞാനിവിടെ ഉദ്ധരിക്കുന്ന വാചകങ്ങൾ അസത്യമാണെങ്കിൽ സഖാവതു തെളിയിക്കുകയും ചെയ്യണം. കമ്മ്യൂ. പാർട്ടിയുടേയും അതിന്റെ നേതാക്കന്മാരുടേയും ഔദ്യോഗികരേഖകളാണു ഞാൻ നിരത്തിവെയ്ക്കാൻ പോകുന്നതു്. കമ്മ്യൂ. കെണിയിൽ കുടുങ്ങിക്കിടക്കുന്ന ഈശ്വരബോധമുള്ള കേരളീയർ ഈ ഭാഗം ഒന്നു മനസ്സിരുത്തി വായിക്കണം.

## കമ്മ്യൂണിസം നിരീശ്വരത്വം

"ക്രിസ്തു മോസ്കോവിൽ" എന്നു പറഞ്ഞു നിരക്ഷരകുക്ഷികളായ സാധുക്കളെ കുറച്ചൊരുകാലം കബളിപ്പിക്കാൻ കമ്മ്യൂണിസ്റ്റ്കാർക്കു കഴിഞ്ഞേയ്ക്കാം. ആദ്ധ്യാത്മികബോധവും സന്മാർഗ്ഗചിന്തയും തൊട്ടുകുളിക്കാത്ത ഒരു പാർട്ടിയിലേയ്ക്ക് ഈ

പാവങ്ങളെ കടത്തിവിടുന്നതു വലിയൊരു വഞ്ചനയാണെന്നു സഖാക്കൾ മനസ്സിലാക്കിക്കൊള്ളണം. ദൈവവിശ്വാസമുള്ള ഒരു വ്യക്തിക്കു കമ്മ്യൂണിസ്റ്റ്പാർട്ടിയുമായി ഒരു ബന്ധവും വച്ചു പുലർത്താൻ സാധിക്കുകയില്ലെന്നതു് ഇതാ സ്പഷ്ടമാക്കുന്നു:—

സഖാക്കളുടെ ആചാര്യശ്രേഷ്ഠനും കമ്മ്യൂ. പാർട്ടിയുടെ സ്ഥാപകനുമായ കാറൽമാർക്സിനെത്തന്നെ ആദ്യം പരിശോധിക്കാം.

## കാറൽ മാർക്സ്

"...നിങ്ങൾ സർവ്വശക്തിയും ഉപയോഗിച്ചു് ഈശ്വരനെന്ന ആശയത്തെക്കൂടിയും ഉന്മൂലനം ചെയ്യണം."

(Ref. Answers to Communism p. 15.)

ശിഷ്യഗണങ്ങൾക്കു ഗുരുത്തമൻ കൊടുത്ത ആഹ്വാനമാണിതു്. സഖാക്കളേ, നിങ്ങളുടെ ആചാര്യശ്രേഷ്ഠനായ കാറൽ മാർക്സ് ഇങ്ങനെ നിങ്ങളെ ഉൽബോധിപ്പിച്ചിട്ടില്ലെങ്കിൽ ഉടനെ അക്കാര്യം തുറന്നു പറയണം.

തന്റെ നിരീശ്വരസിദ്ധാന്തവും സാമ്പത്തികസിദ്ധാന്തവും തമ്മിലുള്ള അഭേദ്യബന്ധത്തെ വിശദീകരിച്ചുകൊണ്ടു് മാർക്സ് പറഞ്ഞിരിക്കുന്നു: "രണ്ടു കാരണങ്ങളാൽ മനുഷ്യപ്രകൃതി മാറിപ്പോയി. ഒരു കാരണം സ്വകാര്യസ്വത്തു്; രണ്ടാമത്തേതു മതബോധവും. സ്വകാര്യസ്വത്തുടമ മനുഷ്യനെ വ്യവസായോടമസ്ഥന്റെയും മതബോധം മനുഷ്യനെ ദൈവത്തിന്റെയും അടിമയാക്കി. അയതിനാൽ സ്വകാരസ്വത്തുടമയേയും ഈശ്വരബോധത്തേയും തച്ചുടയ്ക്കുക. അപ്പോൾ മനുഷ്യൻ സ്വതന്ത്രനാകും; അവനൊരു ദൈവമാകും."

(Ref. Communism p. 12)

"ക്രിസ്തുനാഥനെ അനുപദം അനുകരിക്കുന്ന ആ കമ്മ്യൂണിസ്റ്റ് പാർട്ടി"യുടെ നേതാവാണു് ഈവിധം ഉൽബോധിപ്പിച്ചിട്ടുള്ളതെന്നു വായനക്കാർ മനസ്സിലാക്കണം. "മതബോധത്തെയും

നിത്യസൗഭാഗ്യത്തെക്കുറിച്ചുള്ള മായാമോഹത്തെയും ജനഹൃദയങ്ങളിൽനിന്ന് ഉന്മൂലനം ചെയ്യാതെ അവർക്ക യഥാർത്ഥസൗഭാഗ്യം കൈവരുന്നതല്ല" എന്നുൽഘോഷിച്ച കാറൽമാർക്സും നിത്യസൗഭാഗ്യത്തെക്കുറിച്ച് നിരന്തം പ്രബോധിപ്പിച്ചിരുന്ന ക്രിസ്തുവുംതമ്മിൽ ഹാ! എന്തൊരു പൊരുത്തമാണ്!

# ഏംഗൽസ്

കമ്മ്യൂ. പാർട്ടിയുടെ രൂപവൽകരണത്തിനു കാറൽമാർക്സിനെ സഹായിച്ച പ്രമുഖനേതാവാണ് ഏംഗൽസ്. അദ്ദേഹം കുപ്രസിദ്ധനായ ഒരു നിരീശ്വരവാദിയത്രേ. ഏംഗൽസിൻെറ അഭിപ്രായം, "ഈ വിശ്വത്തിൻെറ അസ്തിത്വത്തിൽ ഒരു സ്രഷ്ടാവിനോ നിയന്താവിനോ സ്ഥാനമില്ല"എന്നാണ്. മാർക്സും ഏംഗൽസും ലെനിനും മതബോധത്തെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ള ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു കമ്മ്യൂ. പാർട്ടി ഒരു പുസ്തകം രചിച്ചിട്ടുണ്ടു്. അതിൽ ഏംഗൽസിൻെറ അഭിപ്രായമിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "യൂറോപ്പിലെ തൊഴിലാളിപ്പാർട്ടികളിൽ നിരീശ്വരത്വത്തിനു സർവ്വസമ്മതമായ ഒരു നില വന്നുകഴിഞ്ഞിരിക്കുന്നു." (പേജ് 1.)

# ലെനിൻ

സ: ലെനിൻ കമ്മ്യൂ. വിപ്ലവത്തിൻെറ പിതാവാണ്—റഷ്യയിലെ അല്പത്തെ സർവ്വാധിപതി. സ. ദാമോദരൻ പറയുന്നത്, ക്രിസ്തു തുടങ്ങിവച്ച ദൗത്യം സ: ലെനിൻ ഏറെറടുത്തുവെന്നാണ്! പ്രശാന്തശീലനായ ആ ദിവ്യപുരുഷനും രക്തപ്രിയനായ ലെനിനുംതമ്മിലുള്ള ചേർച്ച ഒന്നു തട്ടിച്ചു നോക്കുക തന്നെ. മോസ്കോവിലെ—ദാമോദരൻെറ ഭാഷയിൽ പറഞ്ഞാൽ ക്രിസ്തുസദനത്തിലെ—കമ്മ്യൂ. പ്രസ്സിൽനിന്നു അച്ചടിച്ചിറക്കിയ "വി. ഐ. ലെനിൻ, മാർക്സ്, ഏംഗൽസ്, മാർക്സിസം"എന്ന പുസ്തകത്തിൽ ലെനിൻ ഇപ്രകാരം പ്ര

സ്താവിച്ചിരിക്കുന്നതായി കാണുന്നു: "മാർക്സിസത്തിൻെറ തത്വപരമായ അടിസ്ഥാനം മാർക്സും എംഗൽസും ആവർത്തിച്ചു പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഡൈലക്ടിക്കൽ മെററീരിയലിസം— വസ്തുവൈരുദ്ധ്യാധിഷ്ഠിതപദാർത്ഥവാദം— ആകുന്നു... ഈ പദാൎത്ഥവാദമാകട്ടെ പരിശ്ശുദ്ധം നിരീശ്വരപരവും വിട്ടുവീഴ്ചയില്ലാത്തവിധം സർവ്വമതവിരുദ്ധവുമാണ്."

(പേജ് 273).

അപ്പുസ്തകത്തിൻെറ 276-ാംപേജിൽ സ: ദാമോദരൻെറ ആ 'ക്രിസ്തുശിഷ്യൻ'–ലെനിൻ–വീണ്ടും പ്രഖ്യാപിക്കുന്നു: "മാർക്സിസം മെററീരിയലിസം—പദാൎത്ഥവാദം അഥവാ ഭൗതികവാദം ആകുന്നു. ആ നിലയിൽ അതു മതത്തിന്നെതിരായി സന്ധിയില്ലാത്തവിധം സമരം നടത്തും...."

റഷ്യയിലെ വിദേശഭാഷാവകുപ്പുകാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ പുസ്തകം ഇന്നാട്ടിലെ കമ്മ്യു. പുസ്തകശാലകളിൽ 1ക 14ണയ്ക്കു വിററുവരുന്നുണ്ടു്.

"അദ്ധ്വാനിക്കുന്നവരുടെ പാർട്ടിക്കു മതത്തോടുള്ള നിലപാടു്" എന്ന അദ്ധ്യായത്തിലാണു സ: ലെനിൻ പ്രസ്തുതനിരീശ്വരത്വപ്രസംഗം തട്ടിവിട്ടിട്ടുള്ളതു്. കമ്മ്യൂണിസം പരിശ്ശുദ്ധം നിരീശ്വരപരമാണെന്നു് ഈവിധം കൊമ്പുവിളിക്കുന്ന ലെനിൻ ക്രിസ്തുവിൻെറ സാക്ഷാൽ അനുഗാമിയാണെന്നാണോ സഖാവു പറയുന്നതു്? ഒന്നുമറിയാത്ത സാധുക്കളെ—പ്രത്യേകിച്ചും തൊഴിലാളികളേയും വിദ്യാൎത്ഥികളേയും—വഴിപിഴപ്പിക്കുവാൻ കരുതിക്കൂട്ടി കള്ളപ്രചാരണങ്ങൾ നടത്തുന്ന കമ്മ്യൂ. പാർട്ടി ഇതിലും ഇതിലപ്പുറവും ഈ കേരളക്കരയിൽ അടിച്ചുപരത്തുന്നുണ്ടു്. എന്നുവരികിലും സഖാക്കളുടെ കൊഴുത്ത നുണകൾ അതേപടി വിഴുങ്ങാനുള്ള വിഡ്ഢികളൊന്നുമല്ല പ്രബുദ്ധരായ കേരളീയർ. ലോകമഖിലം നിരീശ്വരത്വം പ്രച

രിപ്പിക്കവാൻ വെമ്പുന്ന സ: ലെനിന്റെ മററു ചില പ്രസ്താവനകളും നമുക്കുദ്ധരിക്കാം:—

"തത്വത്തിലും പ്രയോഗത്തിലും മാർക്സിസത്തിന്റെയും സ്ഥിതിസമത്വവാദത്തിന്റെയും സ്വാഭാവികവും അഭേദ്യവുമായ ഒരു ഘടകമാണു നിരീശ്വരത്വം" (Religion by Lenin).

'മതം' എന്നപേരിൽ എഴുതിയിട്ടുള്ള ഇപ്പുസ്തകത്തിൽ നിരീശ്വരത്വപ്രഖ്യാപനം നടത്തുന്ന പല ഭാഗങ്ങളുമുണ്ട്.

"നിരീശ്വരത്വം മാർക്സിസത്തിന്റെ അവശ്യാവശ്യകമായ ഒരു ഭാഗമാണ്. ആയതിനാൽ മാർക്സിസ്ററുകക്ഷി നിരീശ്വരത്വപ്രചാരണം ഏറെറടുത്തേ മതിയാകൂ"(Religion, p.7)

ഇനി, ഇതെല്ലാം കാണുമ്പോൾ മാർക്സിസമൊന്നുമല്ല കമ്മ്യൂണിസമെന്നു സഖാക്കൾ പറയുമോ ആവോ? ലെനിൻ തുടരുന്നു:

"തൊഴിലാളികളെ മതബോധത്തിൽനിന്നു നിശ്ശേഷം അടർത്തിയെടുക്കാൻ വിപ്ലവാനന്തരമുണ്ടാകുന്ന കമ്മ്യൂ. സാമൂഹികവ്യവസ്ഥിതിക്കേ സാധിക്കൂ" (Religion, p. 8).

"സാംസ്കാരികവിപ്ലവത്തിനുള്ള പരിപാടിയിൽ മതബോധത്തോടുള്ള എതിർപ്പ് ഏററവും പ്രധാനപ്പെട്ടതാണ്. മതത്തോടുള്ള ഈ സമരം ക്രമീകൃതവും അനുസ്യൂതവുമായിരിക്കട്ടെ"
(Ref. Answer to Communism p. 31).

ഹാ! ക്രിസ്തുവിന്റെ ആശയവും ലെനിന്റെ ആശയവും തമ്മിലുള്ള യോജിപ്പു കണ്ടോ!! പടുവഞ്ചകരായ കമ്മ്യൂണിസ്ററുകൾ അസത്യകഥനം നടത്തി ആദ്ധ്യാത്മികപ്രബുദ്ധരായ ഇന്നാട്ടിലെ സാധുക്കളെ മിരട്ടുന്ന വിദ്യ കണ്ടോ? ശവക്കുഴിക്കപ്പുറം മനുഷ്യന് ഒരു ജീവിതമില്ലെന്നു നിർലജ്ജം പുലമ്പുന്ന ഈ ഭൗതികവാദികൾ—മരവും മണ്ണാങ്കട്ടയും പട്ടിയും പന്നിയും പരിവത്തനം പ്രാപിച്ചതാണു മനുഷ്യകുലമെന്നു ശഠിക്കുന്ന ഈ പരിണാമവാദികൾ—ദൈവസുതനായ ക്രിസ്തു

വിൻെറ—ലോകപരിത്രാണാർത്ഥം ആത്മബലിയർപ്പിച്ച ആ ചെമ്മരിയാട്ടിൻകുട്ടിയുടെ—മൃദുലചർമ്മം മാന്തിപ്പറിച്ചെടുത്തു് റഷ്യൻനരവേട്ടയിൽ 20 ലക്ഷം മനുഷ്യസഹോദരങ്ങളെ—(9 ലക്ഷം കർഷകരേയും 8 ലക്ഷം തൊഴിലാളികളേയും പന്തീരായിരം സിവിൽ ഉദ്യോഗസ്ഥന്മാരേയും രണ്ടു ലക്ഷത്തോളം പട്ടാളക്കാരെയും 6000 അദ്ധ്യാപകരെയും 880 ഡോക്ടർമാരെയും 1200 വൈദികരെയും 28 മെത്രാന്മാരെയും)കഴുത്തറുത്ത സഃ ലെനിനെ—ആ രക്തദാഹിയായ ചെന്നായെ—ധരിപ്പിച്ചുംകൊണ്ടു കൂകിപ്പറയുകയാണു്:— "സാക്ഷാൽ ക്രിസ്തുവാണു ലെനിൻ"എന്നു്. എന്തിനു് ഈ സഖാക്കളെ പഴിക്കുന്നു. ഈദൃശങ്ങളായ അസത്യജല്പനങ്ങൾക്കു സഃ ലെനിൻതന്നെ ഉത്തേജനം കൊടുത്തിട്ടുണ്ടു്. നോക്കുക, ലെനിൻെറ മറെറാരു പ്രസ്താവനഃ "ചതി, അനീതിപരമായ മാർഗ്ഗം, സൂത്രം, കള്ളം, സത്യംമറയ്ക്കൽ, കുതന്ത്രം ഇവയെല്ലാം നിങ്ങൾ അവസരോചിതം ഉപയോഗിക്കണം." ദാമോദരനെ ധൈര്യപ്പെടുത്തിയ പ്രമാണരേഖ ലെനിൻെറ ഈ ആഹ്വാനംതന്നെയായിരിക്കും. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും" എന്നരുളിയ ക്രിസ്തുനാഥനെ അക്ഷരശഃ അനുഗമിച്ച സഃ ലെനിനു് ലാൽസലാം!!

ആരാണീ ലെനിൻ? എങ്ങനെയാണദ്ദേഹം റഷ്യൻവിപ്ലവം നടത്തിയതു്? ഇതൊന്നും ഇന്നാട്ടിലെ ജനസാമാന്യത്തിന്നറിഞ്ഞുകൂടാ. കമ്മ്യൂ. ആഫീസുകളുടെയും സഖാക്കളുടെ ഭവനങ്ങളുടെയും ധവളഭിത്തികളിൽ സ്ഥാപിച്ചിരിക്കുന്ന ലെനിൻപ്രതിമകൾ കാണുമ്പോൾ ആരാണീ കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞിട്ടുള്ളതു്?

ഒന്നാം ലോകമഹായുദ്ധത്തിൽ സങ്കലിതവിഭാഗത്തിൽ ചേർന്ന റഷ്യയെ മുടിച്ചു ജർമ്മനിയെ ജയിപ്പിക്കുവാനായി ജർമ്മൻ സൈന്യാധിപന്മാരായിരുന്ന ജനറൽ ഹോഫ്മാനി

ൻെറയും ജനറൽ ല്യഡൻഡ്രോഫിൻെറയും ആജ്ഞയനസരിച്ച 40 വിപ്ളവകാരികളെയും കൂട്ടി ജർമ്മനിയിൽനിന്ന സർക്കീട്ട പുറപ്പെട്ട വ്ളാഡിമീർ ഉളിയാ:നാവാണ് ഈ സഖാവു ലെനിനെന്ന് ഇന്നാട്ടിലെ പല സഖാക്കൾക്കുടി അറിയുകയില്ല. സ. ദാമോദരന്ന് ആ സത്യം അറിയാമോ? അറിയാമെങ്കിൽ ഒന്ന തുറന്ന സമ്മതിക്കുക.

# മൂന്നാം ഇൻറർനാഷനൽ

തങ്ങളുടെ തത്വശാസ്ത്രം മാർക്സിസമാണെങ്കിലും പ്രവർത്തനപരിപാടിയിൽ നിരീശ്വരതത്വപ്രചാരണമില്ല എന്ന പറയുന്ന ചില "കമ്മൂ"ക്കളുണ്ട്. മൂന്നാം അന്താരാഷ്ട്രീയ കമ്മ്യൂ. സംഘടനയുടെ പ്രസിഡൻറായിരുന്ന ഗ്രിഗൊരി സിനോഫ്യു ഇക്കാര്യത്തിൽ പാർട്ടിയുടെ നിലപാട വ്യക്തമാക്കുന്നുണ്ട്.

"മതപ്രശ്നങ്ങളിൽ നിഷ്പക്ഷത പാലിക്കുവാൻ നമ്മുടെ പാർട്ടിക്ക സാധിക്കുകയില്ല...... മാർക്സ് പറഞ്ഞതാണ് കമ്മ്യൂ. പാർട്ടിക്കും പറയാനള്ളത്... നിശ്ചയമായും മതവിരുദ്ധമായ പ്രചാരവേല—അത് വഞ്ചനയും വക്രതയും ഉൾക്കൊണ്ടാലും വിരോധമില്ല—നമ്മെസംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്." മറെറാരു കമ്മ്യൂ. നേതാവായ ക്രിലെങ്കോ ഗർജ്ജിക്കുന്നു: "സോവിയററ് അതിർത്തിയിൽ ദൈവനിയമത്തിന സ്ഥാനമില്ല" (Speech during State trial, March 1923).

ദൈവനിയമത്തിന സ്ഥാനമില്ലാത്ത ഈ സോവിയററ് നാടിൻെറ ഹൃദയച്ചെപ്പിൽ യേശുക്രിസ്തു വാഴുന്നുണ്ടെന്നാണോ സഖാവു പറയുന്നത്?

# സോവിയററ് റഷ്യയിൽ

റഷ്യയിലെ വിദ്യാഭ്യാസമന്ത്രിപദം അലങ്കരിച്ചുകൊണ്ടലുനാട് സർക്കി അവിടത്തെ Bezbojnik- ബെസ്ബോജനി

ക്ക്—എന്ന നിരീശ്വരപ്പത്രത്തിന് ഇപ്രകാരമൊരു ഭാവുകസന്ദേശമയച്ചു: "ദൈവത്തിന്നെതിരായി നടത്തുന്ന യുദ്ധത്തിൽ 'ബെസ്ബോജനിക്ക്' പത്രത്തിന് ഹൃദയപൂർവ്വം വിജയമാശംസിക്കുന്നു" (Bezbojnik Vol. 1. No. 1).

വാള്യവും ലക്കവും ഇതാ കൊടുത്തിരിക്കുന്നു. സഖാക്കളൊന്നു ചികഞ്ഞുനോക്കട്ടെ. ഒരു നാട്ടിലെ വിദ്യാഭ്യാസമന്ത്രിയുടെ ആശയഗതി ഈവിധമെങ്കിൽ എങ്ങനെയിരിക്കും അന്നാട്ടിലെ വിദ്യാലയങ്ങളെന്നു വായനക്കാർ ഊഹിച്ചാൽ മതി.

"ബഹുജനങ്ങൾക്കു് എല്ലാവിധത്തിലുമുള്ള നിരീശ്വരപ്രബോധനം നല്കിക്കൊണ്ടിരിക്കണം" (March 1922-«Under the Marxist Flag») എന്ന ലെനിന്റെ സുഗ്രീവാജ്ഞതന്നെയാണ് ഇന്നും റഷ്യയിൽ നടക്കുന്നതു്.

റഷ്യൻപോളിററ്ബ്യൂറോവിലെ ഒരു പ്രമുഖമെമ്പ്രായിരുന്ന സിനോവ്യു ഒരു ക്രിസ്തുമസ്ദിനത്തിൽ കോപാവേശത്തോടെ അലറിപ്പറഞ്ഞതു് ഇങ്ങനെയാണ്:— «We will grapple with God. We will conquer Him in the highest heavens; and wherever He seeks refuge we will subdue Him for ever». പച്ചമലയാളവും പറഞ്ഞുതരാം: "ഞങ്ങൾ ദൈവത്തെ മുഷ്ടിയുദ്ധം ചെയ്തമർത്തും. സ്വർഗ്ഗത്തിന്റെ അത്യുന്നതങ്ങളിൽ കടന്നുചെന്നു ഞങ്ങളവനെ ആക്രമിക്കും. എവിടെ അവൻ അഭയം പ്രാപിക്കുമോ അവിടെ ഞങ്ങൾ ചെന്ന് അവനെ കീഴ്പ്പെടുത്തും." ഹേ, സഖാവേ, സ: സിനോവ്യുവിന്റെ ഗർജ്ജനം കേട്ടോ? യേശുക്രിസ്തു ഈ പ്രസ്താവന വായിച്ചാൽ പിന്നെയുണ്ടോ മോസ്കോവിലേക്കു പുറപ്പെടുന്നു! എന്റെ അഭിപ്രായം ഇതാണ്. കൊടുംവഞ്ചനയുടെ ഈയാണ്ടത്തെ "ലെനിൻവീരമുദ്ര" സ: ദാമോദരനു സമ്മാനിക്കാൻ കോമിൻഫോം നേതാക്കന്മാർ നിശ്ചയിക്കും, ഈ പുസ്തകമൊന്നു കേന്ദ്രത്തിലേക്കു് അയച്ചുകൊടുത്താൽ.«Where Atheism begins there communism begins.» "എവിടെ നിരീശ്വരതാം

മുളയെടുക്കുന്നുവോ അവിടെ കമ്മ്യൂണിസവും തലപൊക്കുന്നു" എന്ന് അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുള്ള 'ഭഗവാൻ മാർക്സി'ൻെറ ആ ശിഷ്യഗണങ്ങൾ 'യേശുക്രിസ്തു മോസ്കോവിൽ' എന്ന ഈ നവയുഗപ്രസിദ്ധീകരണം കണ്ടാൽ കപടകലാപ്രവീണനായ ദാമോദരനെപ്പററി ഒരു പ്രമേയവും പാസ്സാക്കും.

## സ്റ്റാലിൻ

**1924**-ൽ ലെനിൻ മരിച്ചതോടെ റഷ്യയിൽനിന്ന് ഈ നിരീശ്വരതാദുർഭൂതം അപ്രത്യക്ഷമായെന്ന് ആരും കരുതണ്ടാ. അനന്തരഗാമിയായി, 28 കൊല്ലക്കാലമായി വാണരുളുന്ന ആ 'നിതാന്തവന്ദ്യ ശ്രീമാൻ' സഖാവ് സ്റ്റാലിൻ പ്രഖ്യാപിച്ചിരിക്കുന്നതു് ഇപ്രകാരമാണ്: "നിരീശ്വരത്വം മാർക്സിസത്തിൻെറ ഒരവശ്യഘടകമാണ്. ആയതിനാൽ മാർക്സിസ്ററുകാർ നിരീശ്വരത്വപ്രചാരണത്തിൽ ഉദ്യുക്തരായിരിക്കണം." നാലാംനൂററാണ്ടോടെ ക്രൈസ്തവസഭ അധഃപതിച്ചെന്നും പിന്നീടതിനെ പുനരുദ്ധരിച്ചതു ലെനിനും സ്റ്റാലിനുംകൂടിയാണെന്നും എഴുതിത്തള്ളിയിരിക്കുന്ന നമ്മുടെ സഖാവിന് എന്തുമാത്രം സത്യദീക്ഷയുണ്ടെന്നു നാട്ടുകാർ വിധിക്കട്ടെ.

റഷ്യൻ ഭരണഘടനയിൽ ഈ മതവിരുദ്ധമനോഭാവം കുത്തിച്ചെലുത്തിയിരിക്കുന്നതു തികച്ചും വിചിത്രമായിരിക്കുന്നു. **1918**-ലെ ഭരണഘടനയിൽ 13-ാംവകുപ്പിൽ മതപ്രചാരണ (Propagation) സ്വാതന്ത്ര്യവും മതവിരുദ്ധപ്രചാരണസ്വാതന്ത്ര്യവും സമ്മതിച്ചുകൊടുത്തു. ഈ വകുപ്പിൻെറ തണലിൽനിന്നുകൊണ്ടു് രാജ്യവ്യാപകവും സുസംഘടിതവുമായ നിരീശ്വരത്വപ്രചാരണം അഴിച്ചുവിടുകയാണു റഷ്യൻഭരണത്തലവന്മാർ ചെയ്തതു്. «League of Militant Atheist» "സമരോദ്യുക്തരായ നിരീശ്വരന്മാരുടെ ലീഗ്" എന്ന ആ വമ്പിച്ച സംഘടന സർക്കാരിൻെറ മുഴുവൻ പിന്താങ്ങോടുകൂടി സകല കഴിവുകളും നിരീശ്വരത്വപ്രചാരണാർത്ഥം വിനിയോഗിച്ചു

ഈ ലീഗിന്റെ ഒരു പ്രമേയത്തിൽ ഇങ്ങനെ കാണുന്നു: "നമ്മുടെ പരിശ്രമം ഒരു ചെറിയ കക്ഷിയുടെ പരിശ്രമമല്ല. ലക്ഷക്കണക്കിന് അണിനിരന്നിരിക്കുന്ന ഒരു മഹാനിരീശ്വര സൈന്യത്തിന്റെ പുരോഗമനമത്രെ."

ഇങ്ങനെയൊക്കെ ചെയ്തിട്ടും ബഹുജനഹൃദയങ്ങളിൽ ഈശ്വരബോധം വേരൂന്നിക്കിടക്കുന്നുവെന്നു കണ്ട് കമ്മ്യൂണിസ്റ്റുകാർ ബേജാറായി. 1929 ഏപ്രിൽ 8-ാംതീയതി സോവിയററ് ഗവണ്മെൻറ് ഒരു പുതിയ കല്പനയിറക്കി. അതനുസരിച്ച് മതപ്രചാരണസ്വാതന്ത്ര്യം അനുവദിച്ചിരുന്ന 1918-ലെ 13-ാം വകുപ്പിനെ ദുർബലമാക്കിക്കൊണ്ടു മതസംഘടനകൾക്ക് 'ആരാധനാസ്വാതന്ത്ര്യം'മാത്രം മതിയെന്നാക്കി. 1929 മേയ് 22-ാംതീയതി ഈ പുതിയ കല്പന ഭരണഘടനയിൽ ഒരു ഭേദഗതിയായി ഉൾക്കൊള്ളിച്ചു. അങ്ങനെ മതപ്രചാരണസ്വാതന്ത്ര്യത്തെ മതാരാധനാസ്വാതന്ത്ര്യം എന്നാക്കി മാററുകയും ചെയ്തു. ഭരണഘടനയിൽ 124-ാം വകുപ്പിലാണ് ഈ നിയമമുള്ളത്:- «Freedom of religious worship and freedom of anti-religious propaganda is recognized for all citizens.»

എന്താണാവകുപ്പിൽ കൊള്ളിച്ചിട്ടുള്ളത്? 1918-ലെ 13-ാം വകുപ്പുമാററി 1929-ൽ ഇങ്ങനെയൊരു 124-ാം വകുപ്പു സൃഷ്ടിക്കുവാൻ സ്റ്റാലിൻ സന്നദ്ധനായതു വെറുതെയല്ല. ഇന്നത്തെ റഷ്യൻഭരണഘടനയിൽ മതപ്രചാരണസ്വാതന്ത്ര്യത്തെപ്പററി ഒരക്ഷരം പറഞ്ഞുകാണുന്നില്ല. മതവിരുദ്ധപ്രചാരണം അനുവദിക്കാമെങ്കിൽ എന്തുകൊണ്ടു മതപ്രചാരണം അനുവദിച്ചുകൂടാ എന്നാണു നിയമവിദഗ്ധന്മാർ ചോദിക്കുന്നത്. 1929-ൽ വരുത്തിയ ഈ ഭേദഗതിയെക്കുറിച്ചു ലോകമൊട്ടുക്കും വലിയ ഒച്ചപ്പാടുണ്ടായി. ആ സ്ഥിതിക്ക്, ദുരുദ്ദേശ്യമില്ലെങ്കിൽ 1936-ൽ ഭരണഘടന പുതുക്കി എഴുതിയപ്പോൾ 'മതപ്രചാരണസ്വാതന്ത്ര്യം' എന്ന പദം ചേർക്കേണ്ടതായിരുന്നു. പക്ഷേ സ്റ്റാലിൻ അതു ചെയ്തില്ല. ലോകത്തിലെ ഏതൊരു

ഗവണ്മെൻറിൻെറ ഭരണഘടനയിലും മതപ്രചാരണസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയിൽ മൗലികാവകാശങ്ങളെപ്പററി പ്രതിപാദിച്ചിട്ടുള്ള 3-ാംഭാഗത്ത് 25-ാം വകുപ്പിൽ മതപ്രചാരണസ്വാതന്ത്ര്യത്തെ പ്രസ്പഷ്ടമായ ഭാഷയിൽ അനുവദിച്ചിരിക്കുന്നു. എന്നാൽ റഷ്യൻ ഭരണഘടനയിൽമാത്രം അങ്ങനെയൊന്നില്ല. കാരണം വ്യക്തവുമാണ്.

## റഷ്യൻപത്രങ്ങൾ

റഷ്യൻപത്രങ്ങൾ പരിശോധിച്ചാൽ ഈ വസ്തുത കൂടുതൽ സ്പഷ്ടമാകും. ഔദ്യോഗികപത്രമായ 'പ്രവദ'പറയുന്നു: "എല്ലാവിഭാഗത്തിലുംപെട്ട മതങ്ങളോടും നാം യുദ്ധം പ്രഖ്യാപിക്കുന്നു" (13-4-28). 1930 ആഗസ്റ്റ് 14-ാം തീയതി 'പ്രവദ' പ്രഘോഷിച്ചു: "മതത്തിൻെറ കഥയില്ലാത്ത പ്രേരണകളിൽനിന്നു സാമാന്യജനങ്ങളെ രക്ഷിക്കുകയാണു സജീവവർഗ്ഗസമരലക്ഷ്യം".

1929-ലെ സോവിയററ് കോഡിൽ ഇങ്ങനെയൊരു ഭാഗമുണ്ട്:—

1) പുരോഹിതർക്കു വോട്ടവകാശവും പൗരാവകാശവും ഇല്ല.

2) മതപരമായ സാഹിത്യങ്ങളുടെ വിതരണം വിലക്കിയിരിക്കുന്നു.

3) പതിനെട്ടുവയസ്സിൽ താഴെയുള്ളവർക്കു മതാദ്ധ്യാപനം (രഹസ്യമായിട്ടുപോലും) നടത്തുവാൻ പാടില്ല.

ഇതെല്ലാം കണ്ടിട്ടാണു കാൻറർബറിയിലെ ആ പ്രോട്ടസ്റ്റൻ്റ് ഡീൻ ഒരു 'ചുവന്ന ഡീൻ' ആയത്! നോക്കണം, അദ്ദേഹത്തിൻെറ ആദ്ധ്യാത്മികപ്രബുദ്ധത! ഈ 'മതമർദ്ദനമൊക്കെ അങ്ങു പണ്ടായിരുന്നു. ഇപ്പോൾ സർവ്വത്ര മതസ്വാതന്ത്ര്യമാണു റഷ്യയിൽ' എന്നു വിളിച്ചുപറയുന്ന സഖാക്കൾ കുറച്ചുമാസം

മുമ്പ് തുർക്കിസ്ഥാൻ നാഷനൽ യൂണിയൻ സൊസൈററി പ്രസിഡണ്ട് സയ്യിദ് ഖയ്യംഖാൻ ചെയ്ത പ്രസ്താവന ഒന്നു വായിച്ചു നോക്കൂ.— "മുസ്ലീംകളുടെ മതപരവും ദേശീയവുമായ താൽപര്യങ്ങളെ സംരക്ഷിക്കാനല്ല സംരംഭം കമ്മ്യൂണിസ്റ്റ്കാരുമായുള്ള ഏററുമുട്ടലിൽ അവസാനിക്കുന്നു. മുസ്ലീമങ്ങളെ അടിച്ചമർത്തുവാൻ കമ്മ്യൂണിസ്റ്റ്കാർ സുശക്തനടപടികൾ സ്വീകരിച്ചിരിക്കുന്നു. ഇസ്ലാമികസംസ്കാരവും കമ്മ്യൂണിസവും പരസ്പരം ഒത്തുപോകുമെന്നു തെററിദ്ധരിച്ചിരുന്ന പാവപ്പെട്ട മുസ്ലീമങ്ങളെയടക്കം എല്ലാ മുസ്ലീംകളെയും സംഹരിക്കാനുള്ള ഭയങ്കരമായ ഒരു മുസ്ലീംവിരുദ്ധപ്രസ്ഥാനമാണ് റഷ്യയൽ ഉടലെടുത്തിരിക്കുന്നത്. സ്കൂളുകളിലെ പാഠ്യപുസ്തകങ്ങൾ കമ്മ്യൂ. തത്വശാസ്ത്രമനുസരിച്ച് അടിച്ചിറക്കുന്നു. തുർക്കിസ്ഥാനിലെ ഈ മർദ്ദനം മദ്ധ്യേഷ്യൻ റിപ്പബ്ലിക്കുകളായ കാർകിസിയ, രാജിസ്ഥാൻ, ഉസ്ബെഗിസ്ഥാൻ, കസാഖ്സ്ഥാൻ എന്നിവിടങ്ങളിലും സമാരംഭിച്ചിരിക്കുന്നു. കേന്ദ്രസോവിയററ് ഗവണ്മെണ്ട് ഈ റിപ്പബ്ലിക്കുകളുടെമേൽ പിടിമുറുക്കുന്നു."

'യേശുക്രിസ്തു മോസ്കോവിൽ' എന്നു പറഞ്ഞു സഖാക്കൾ ഇന്നാട്ടിലെ ക്രിസ്ത്യാനികളെ കബളിപ്പിച്ചതുപോലെ 'നബി മോസ്കോവിൽ' എന്നു പറഞ്ഞിട്ടാണ് ഈ സ്വതന്ത്ര മുസ്ലീംരാഷ്ട്രങ്ങളെ സ്റ്റാലിൻ വെട്ടി വിഴുങ്ങിയത്. 'മില്ലത്ത് തുർക്കിസ്ഥാൻ' എന്ന ബുള്ളററിൻ പറയുന്നു: "റഷ്യയുടെ സംരംഭം തുർക്കിസ്ഥാനിലെ സംസ്കാരംസിദ്ധിച്ച മുസ്ലീംകളെ നശിപ്പിക്കുന്നു". സകല മതങ്ങളുടെയും ഉദകക്രിയയ്ക്ക് ഉത്തേജനംകൊടുത്ത കമ്മ്യൂ. പാർട്ടിക്കാർ കഴിഞ്ഞകൊല്ലം ഒരൊററ റഷ്യൻമുസ്ലീമിനെ 'ഹജ്ജ്' യാത്രയ്ക്ക് അനുവദിക്കാഞ്ഞതു വെറുതെയല്ല!

റഷ്യയിലെ ക്രിസ്ത്യാനികൾ മാത്രമല്ല മുസ്ലീംജനതയും നിരീശ്വരരാക്ഷസന്റെ നഖപ്രയോഗങ്ങളേററു നിലവിളിക്കുകയാണിന്ന്. റഷ്യയിലെ കമ്മ്യൂണിസ്റ്റ്കാർ മാത്രമല്ല, ലോ

കത്തിലെ സകല രാജ്യങ്ങളിലും കമ്മ്യൂ. പാർട്ടിക്കാർ നിരീശ്വരക്കോമരങ്ങളായി പ്രത്യക്ഷപ്പെട്ടിരിക്കയാണ്.

## ഇംഗ്ലണ്ടിൽ

ഇംഗ്ലണ്ടിലെ കമ്മ്യൂ. പാർട്ടിയുടെ ഔദ്യോഗികപ്രസിദ്ധീകരണമാണ് 'എ. ബി. സി. ഓഫ് കമ്മ്യൂണിസം' എന്ന ഇംഗ്ലീഷ് പുസ്തകം. ആ പുസ്തകത്തിന്റെ 11-ാം അദ്ധ്യായത്തിൽ ഇങ്ങനെ കാണുന്നു: "താത്വികമായും പ്രായോഗികമായും നോക്കിയാൽ മതവും കമ്മ്യൂണിസവുംതമ്മിൽ ഒരിക്കലും രമ്യപ്പെടുകയില്ല. . . കമ്മ്യൂ. പാർട്ടിയുടെ നിർദ്ദേശങ്ങൾക്കു വിധേയനാകുന്നവൻ ഒരു മതവിശ്വാസിയല്ലാതായിത്തീരുന്നു. . . . മതവിശ്വാസങ്ങളിലേശ്ശു ചാച്ചിലുള്ളവൻ ഒരു കമ്മ്യൂസിസററ്കാരനല്ലാതായിത്തീരുന്നു."

സ: ദാമോദരനോട് ഒരൊററച്ചോദ്യം. ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റ്കാരുടെ ഈ പ്രബോധനം ഇന്നാട്ടിലെ മതബോധമുള്ള തൊഴിലാളികളുടെ ഇടയിൽ പ്രചരിപ്പിക്കാൻ താങ്കൾക്കു ധൈര്യമുണ്ടോ? ആത്മാർത്ഥതയുണ്ടെങ്കിൽ അങ്ങനെ ചെയ്യണം, എന്തുകൊണ്ടെന്നാൽ ഇന്ത്യയിലെ ഈശ്വരബോധമുള്ള ചില കർഷകരും തൊഴിലാളികളും കമ്മ്യൂ. പാർട്ടിയിൽ ഒട്ടിച്ചേർന്നു നില്ക്കുന്നുണ്ടെന്ന് എനിക്കറിയാം. 'മൈമ്മ'വെന്നും 'കമ്മ്യൂ'വെന്നും അറിയപ്പെടുന്ന അനേകം ചെറുപ്പക്കാർ ഈ കേരളത്തിലുണ്ട്. ദൈവബോധം കൈവിടാതെ കമ്മ്യൂണിസത്തെ ആശ്ലേഷിക്കാമെന്നാണ് അവരുടെയൊക്കെ ധാരണ. ഹൃദയമുണ്ടെങ്കിൽ സ: ദാമോദരൻ വേണ്ടത് അത്തരം സാധുക്കളെ, ഉള്ള സത്യം പറഞ്ഞു മനസ്സിലാക്കി കമ്മ്യൂ. പാർട്ടിയിൽ നിന്ന് അകററുകയാണ്.

ഇന്നാട്ടിലെ സഖാക്കൾ അത്ര പെട്ടെന്നൊന്നും അക്കാര്യം ചെയ്യുകയില്ല: അവർക്കറിയാം, പിച്ചള പുറത്താക്കിയാൽ ആദ്ധ്യാത്മികപ്രബുദ്ധയായ അധുനികകേരളം തങ്ങളെ അട്ടിപ്പാ

യിക്കമെന്ന് —തിരഞ്ഞെടുപ്പിൽ കെട്ടിവെയ്ക്കുന്ന സംഖ്യ പൊട്ടിത്തെറിച്ച് തോററു തുന്നംപാടുമെന്ന്. കഷ്ടം! കമ്മ്യൂ. പാർട്ടിയുടെയും അവരുടെകൂടെക്കൂടിയ കെ. എസ്. പി., ആർ. എസ്. പി. എന്നീ മാർക്സിയൻ പാർട്ടികളുടെയും അടിയിൽക്കിടക്കുന്ന ആശയഗതി നാട്ടുകാർ അറിഞ്ഞിരുന്നുവെങ്കിൽ ഇക്കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിൽ ഒരൊററ സ്ഥാനം ഐക്യമുന്നണിക്ക കിട്ടുമായിരുന്നോ? അരി 16 ഔൺസാക്കണമെന്ന ഐമുക്കാരുടെ വാഗ്ദാനത്തിൽ പട്ടിണികിടന്ന് എല്ലുന്തിയ നമ്മുടെ ജനങ്ങൾ വിശ്വസിച്ചുപോയി. കമ്മ്യൂണിസ്ററ് കരാളസർപ്പമാണ് 'ഐക്യമുന്നണിക്കൂട'യിൽ ഒളിഞ്ഞിരിക്കുന്നതെന്ന് ആരുമറിഞ്ഞില്ല.

സത്യം മറച്ചുവെച്ച് സാധാരണക്കാരെ വഞ്ചിച്ച ഈ സഖാക്കളെ കമ്മ്യൂ. വി. മുന്നണിയിതാ വെല്ലുവിളിക്കുന്നു. ധൈര്യമുണ്ടെങ്കിൽ സാമ്പിളിന്ന് ഒരു കമ്മ്യൂണിസ്റ്റ്കാരൻ അസംബ്ളിമെമ്പർ സ്ഥാനം രാജിവച്ച് ഒരു ഉപതെരഞ്ഞെടുപ്പിനു തയ്യാറാകട്ടെ. പ്രജാധിപത്യപ്രസംഗപീഠങ്ങളിൽനിന്നുകൊണ്ടു കമ്മ്യൂണിസ്റ്റ്കാർ അവരുടെ അടിസ്ഥാനാദർശങ്ങൾ വോട്ടർമാരുടെ മുമ്പിൽ വെക്കട്ടെ. മാർക്സിൻെറയും ലെനിൻെറയും സ്റ്റാലിൻെറയും മററും ഉൽബോധനങ്ങൾ ഊന്നിപ്പറയുവാൻ മുന്നോട്ടുവരട്ടെ. അതാണു പ്രജാധിപത്യമര്യാദ.

നിങ്ങളീ സത്യങ്ങൾ തുറന്നു പറഞ്ഞില്ലെങ്കിൽ കേരളത്തിലെ നാനാമതസ്ഥരായ യുവജനങ്ങളിതാ അണിനിരന്നു വരുന്നു. ഞങ്ങളുടെ ജ്യേഷ്ഠാനുജന്മാരെയും അമ്മപെങ്ങന്മാരെയും നിരീശ്വരമ്ലേച്ഛന്മാർക്ക കരുതിക്കൊടുക്കാൻ ഞങ്ങൾ കരുതിയിട്ടില്ല.

1930 ഫെബ്രുവരി 26-ാം തീയതി "ഡെയിലി വർക്കർ" (ഇംഗ്ലണ്ടിലെ കമ്മ്യൂ. പാർട്ടിയുടെ മുഖപത്രം) ഉദ്ഘോഷിക്കുകയാണ്: "നമ്മുടെ പാർട്ടി മതത്തിനെതിരായ സമരം ഈ നിമിഷം ആരംഭിക്കുന്നതാണ്."

## ഓസ്ട്രേലിയായിൽ

ഓസ്ട്രേലിയൻ കമ്മ്യൂ. പാർട്ടിയുടെ ഔദ്യോഗികജിഹ്വ യായ "വർക്കേഴ്സ് വോയ്സ്" ഇക്കാര്യം തുറന്നു സമ്മതി ക്കുന്നു: "കമ്മ്യൂണിസം മതവിരുദ്ധമാണെന്ന സത്യം ഒളിച്ചുവ യ്ക്കുവാൻ കമ്മ്യൂണിസ്റ്റ്കാർ വിചാരിക്കുന്നില്ല."

(Worker'sVoice 30-7-'38)

സിഡ്നിയിലെ മറെറാരു കമ്മ്യൂ. പത്രമായ'വർക്കേഴ്സ് വീക്കിലി' പറയുന്നു: "കമ്മ്യൂണിസത്തിൻെറ തത്വശാസ്ത്രം മാർക്സിസത്തിൻെറയും ലെനിനിസത്തിൻെറയും തത്വശാ സ്ത്രമാണ്. സ്വഭാവാതീതമായ സകല ഏജൻസികളേയും ഈ സിദ്ധാന്തം നിരാകരിക്കുന്നു. ഈ തത്വശാസ്ത്രം തികച്ചും നി രീശ്വരപരമത്രെ."(20-12-'38)

## പോളണ്ടിൽ

ഇക്കഴിഞ്ഞ യുദ്ധത്തിൽ ഹിററ്ലറും സ്റ്റാലിനും തോള രുമ്മിനിന്നുകൊണ്ടു പോളണ്ടിനെ കശാപ്പുചെയ്തതു നാമാരും മറന്നിരിക്കയില്ല. അക്കാലത്തു മോസ്കോവിലെ ജർമ്മൻ അ മ്പാസിഡർ വോൺഷൂളൻബർഗ്ഗ് ജർമ്മൻവിദേശകാര്യാലയ ത്തിലേയ്ക്കയച്ച ഒരു കമ്പിസന്ദേശത്തിൻെറ തനിപ്പകർപ്പിതാ:—

Very urgent
നമ്പർ. 3000

മോസ്കോ
സെപ്റ്റ. 9-1939.
രാവിലെ. 12. 56.

മൊളോട്ടോവിൽനിന്ന് എനിക്കിപ്പോൾ താഴെപ്പറയുന്ന ടെലഫോൺസന്ദേശം ലഭിച്ചു. "വാർസോയിൽ ജർമ്മൻ പ ടയുടെ പ്രവേശനത്തെപ്പററിയുള്ള നിങ്ങളുടെ റിപ്പോർട്ടു കിട്ടി. എൻെറ അഭിനന്ദനം സോവിയറ്റ് റിഷ് (ജർമ്മൻ) ഗവണ്മെണ്ടി നെ അറിയിക്കുക. എന്ന്, മൊളോട്ടോവ്"

അങ്ങനെ, ആ് ഭുരന്തനാടകം നടന്നു. തുടർന്ന് കിഴക്കൻ യൂറോപ്പുമുഴുവനും റഷ്യ കീശയിലാക്കി. എത്ര ലക്ഷംപേരെയാണു കൊന്നതെന്നു വിവരിക്കുക വിഷമം. ഈയിടെ ബാൾട്ടിക് ഹ്യൂമാനിട്ടേറിയൻ സംഘടന പ്രസിദ്ധപ്പെടുത്തിയ ഒരു കണക്കിൽ റഷ്യാക്കാരുടെ നരവേട്ടയെക്കുറിച്ചു വിവരിച്ചിരിക്കുന്നു:—

എസ്റ്റോണിയാക്കാർ 60973
ലാറ്റ്‌വിയക്കാർ 34260
ലിത്വാനിയാക്കാർ 38450

14300 പോളിഷുദ്യോഗസ്ഥന്മാരും. കാൻറ് വനത്തിൽ വച്ചാണ് അവരെ കൊന്നത്. 140000 ക്രൊയേഷ്യൻകാരെയും കാച്ചിപ്പൊരിച്ചു.

പോളിഷ് കമ്മ്യൂ. പാർട്ടി ഈയിടെ സഖാക്കൾക്കു കൊടുത്ത ഉൽബോധനം ഇങ്ങനെയാണ്:— "ലോകമാസകലമുള്ള നിരീശ്വരന്മാരുടെ നായകൻ സ്റ്റാലിനാണ്. പള്ളിയിൽ പോകുന്നതിൽനിന്നു നിങ്ങളുടെ സ്നേഹിതന്മാരെ തടയണം. ഒരുറച്ച കമ്മ്യൂണിസ്റ്റ്കാരൻ ഒന്നാംകിട നിരീശ്വരനായിരിക്കണം, വെടിവെപ്പിൽ പരിചയവുംവേണം. ഒരു നിരീശ്വരൻ എപ്പോഴും ഉത്തമനായ ഒരു കമ്മ്യൂണിസ്റ്റായിരിക്കും. ഒരു യഥാർത്ഥ നിരീശ്വരനാകാതെ നിങ്ങൾക്ക് ഒരു കമ്മ്യൂണിസ്റ്റോ ഒരു സോവിയററ് രാജ്യഭക്തനോ ആവാൻ സാധിക്കയില്ല. ഒരു വസ്തുവിൻെറ അകവും പുറവുംപോലെയാണു കമ്മ്യൂണിസവും നിരീശ്വരത്വവും."

സഖാവ് ദാമോദരൻ പോളിഷ് കമ്മ്യൂ. പാർട്ടിയുടെ ഈ ആഹ്വാനം തൻെറ കമ്മ്യൂ. പത്രത്തിലൊന്നു പ്രസിദ്ധീകരിച്ചാൽ കൊള്ളാം. ഈ ഔദ്യോഗികരേഖകൾ കാണുമ്പോൾ ഇന്ത്യൻ കമ്മ്യൂണിസ്ററുകാർ ഒരുപക്ഷേ ഇങ്ങനെ മുരളും: "അതൊക്കെ അങ്ങ് അകലെയല്ലേ? ഇവിടെ ഇന്ത്യയിൽ ഞങ്ങൾക്കങ്ങനെയുള്ള നിരീശ്വരപരിപാടിയൊന്നുമില്ല"

## ഇന്ത്യയിൽ

ഇന്ത്യയിലെ കമ്മ്യൂ. പാർട്ടിക്കു നിരീശ്വരത്വവുമായുള്ള ബന്ധം എന്തെന്നൊന്നു പരിശോധിക്കതന്നെ. സ: ജി. അധികാരി ഇന്ത്യൻ കമ്മ്യൂ. പാർട്ടിയുടെ ഒരു വലിയ നേതാവാണെന്ന് ആരാണു സമ്മതിക്കാത്തത്? മീറത്ത് ഗൂഢാലോചനക്കേസിൽ സ. അധികാരി കോടതിയിൽ കൊടുത്ത മൊഴിയാണിത്: "മാർക്സിൻെറ അനുയായികളും ഭൗതികവാദികളുമെന്ന നിലയിൽ ഞങ്ങൾ മതത്തിൻെറ കഠിനവിരോധികളും ദൈവത്തെ നിഷേധിക്കുന്നവരുമാണ്... പ്രചാരണങ്ങൾകൊണ്ടുമാത്രം മതത്തെ ഉന്മൂലനം ചെയ്യാൻ സാധിക്കയില്ലെന്നു ഞങ്ങൾക്കറിയാം. വർഗ്ഗസമരത്തിൻെറ അടിസ്ഥാനത്തിന്മേലായിരിക്കണം മതത്തോടുള്ള പോരാട്ടമെന്നു ലെനിൻ ശക്തിയായി പറഞ്ഞിട്ടുണ്ട്. മതനശീകരണവേലയെസംബന്ധിച്ചുള്ള ഞങ്ങളുടെ പ്രവർത്തനത്തെപ്പററി ഇൻറർനാഷനലിൻെറ അഞ്ചാമത്തെ സമ്മേളനത്തിൽ വിശദമാക്കിയിട്ടുള്ളതു് ഇങ്ങനെയാണ്: 'മതത്തോടുള്ള പോരാട്ടം ബുദ്ധിപൂർവ്വകമായും സൂക്ഷ്മതയോടുകൂടിയും നടത്തണം. പ്രത്യേകിച്ച് അനുദിനജീവിതത്തിൽ മതബോധം ശക്തിയായി വേരൂന്നിയിട്ടുള്ള തൊഴിലാളിവിഭാഗത്തിൽ ഈ സമരം വളരെ സൂക്ഷിച്ചുവേണ്ടതാണ്.'"

"യേശുക്രിസ്തുവിൻെറ പാവനാഭൗത്യംപേറുന്ന കമ്മ്യൂ. സാർവ്വദേശീയസംഘടന"യുടെ തീരുമാനമാണീ കണ്ടതു്.

## കേരളത്തിൽ

കേരളത്തിലെ കമ്മ്യൂ. പാർട്ടിക്കാരുടെ കുറച്ചുകൊല്ലം മുമ്പുള്ള ഒരു പ്രസ്താവനയിൽ ഇങ്ങനെ കാണുന്നുണ്ട്. ഈ പ്രസ്താവന കേരളത്തിലെ കൃഷികത്തൊഴിലാളികൾ മിക്കവരും കണ്ടിരിക്കയില്ല. "കമ്മ്യൂ. തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒരാൾക്കു മതത്തിലോ മതപരമായ ചിന്താഗതിയുള്ളവർക്കു കമ്മ്യൂ

ണിസത്തിലോ വിശ്വസിക്കുക സാധ്യമല്ല. ആശയപരമായി മതത്തിന്റെ ആത്മീയതത്വശാസ്ത്രത്തോടും അതിന്റെ നാമരൂപങ്ങളോടും കമ്മ്യൂ. പാർട്ടി സന്ധിയില്ലാത്ത സമരം നടത്തും." കേരളീയസഖാക്കളുടെ ഒരു പ്രസ്താവനയാണിതു കണ്ടതു്. അങ്ങനെയെങ്കിൽ, ആത്മീയതത്വശാസ്ത്രത്തോടു സന്ധിയില്ലാത്ത സമരം നടത്താൻതന്നെയാണോ സ: ദാമോദരൻ യേശുക്രിസ്തുവിനെപ്പിടിച്ചു മോസ്കോവിലിരുത്തിയിട്ടുള്ളതു്?

'കൊച്ചിൻ സ്റ്റാലിൻ' എന്ന ഓമനപ്പേരുംപേറി കമ്മ്യൂണിസ്ററു നേതാവായി വിരാജിച്ചു വിലസുന്ന സ: സി. അച്യുതമേനോൻ ഒരു പുസ്തകം രചിച്ചിട്ടുണ്ടു്. "സോവിയററു് നാടു്" എന്നാണു പുസ്തകത്തിന്റെ പേർ. റഷ്യയിലെ സ്ഥിതിഗതികളും കമ്മ്യൂണിസ്ററുകളുടെ ആശയഗതികളും അപ്പുസ്തകത്തിൽ കുറെയൊക്കെ തെളിഞ്ഞുകാണാം. സഖാവു് ഇങ്ങനെ പ്രസ്താവിക്കുന്നു: "മനുഷ്യന്റെ ശൈശവത്തിൽ അവന്റെ നിസ്സഹായതയും അജ്ഞതയും തന്നെപ്പോലെയുള്ളവക്കെങ്കിലും, തന്നേക്കാൾ എത്രയോ ശക്തനായ ഒരു ദൈവത്തെ സങ്കല്പിക്കാൻ അവനെ പ്രേരിപ്പിച്ചു. പരിഷ്കാരത്തിന്റെ പുരോഗമനത്തോടുകൂടി ഇതിന്റെ ആവശ്യം കുറഞ്ഞുവന്നു. ദൈവം എന്നതു് അജ്ഞാതമായ എന്തോ ഒരു ശക്തിമാത്രമായി പരിണമിച്ചു. അങ്ങനെ ഒരു അജ്ഞാതശക്തിയേയും സങ്കല്പിക്കേണ്ട ആവശ്യമില്ലെന്നുതന്നെയല്ല, അങ്ങനെ സങ്കല്പിക്കുന്നതിൽനിന്നു് അതിൽ വന്നുചേരുന്ന മതത്തിന്റെ കുഴപ്പങ്ങൾ ദ്രോഹകാരികളായിത്തീരുമെന്നാണു റഷ്യാക്കാരുടെ അഭിപ്രായം." (സോവ്യററു് നാടു്, പേജ് 378)

റഷ്യാക്കാരുടെ ഈ അഭിപ്രായം സമുക്കായി തുറന്നു പറഞ്ഞ സ. അച്യുതമേനോൻ ഈയിടത്തെ അസംബ്ളി തിരഞ്ഞെടുപ്പിൽ തൃശ്ശൂർ നിയോജകമണ്ഡലത്തിൽനിന്നു് ആകെയുള്ള 36935 വോട്ടിൽ കേവലം 7435 വോട്ടുമാത്രം കരസ്ഥമാക്കിക്കൊണ്ടു് "വമ്പിച്ച വിജയം" വരിച്ചതും ഉടനടി മോ

സ്കോറേഡിയോ 'കൊച്ചിൻ സ്ററാലിൻെറ' വിജയത്തിൽ ആഹ്ളാദിച്ചുകൊണ്ട് ആർഭാടം മുഴക്കിയതും ഇന്നലെയെന്നോണം കഴിഞ്ഞ സംഭവങ്ങളാണ്.

ആ പുസ്തകത്തിൽ മറെറാരിടത്തു സ. അച്യുതമേനോൻ എഴുതിയിരിക്കുന്നു: "സോവ്യററുറഷ്യയുടെ ആശയം അചഞ്ചലമായ ഭൗതികവാദമാകുന്നു. ലോകഗതിയെ നിയന്ത്രിക്കുന്ന ഏതോ ഒരു അദൃശ്യശക്തിയുണ്ടെന്നും എന്തുതന്നെ ചെയ്താലും ആ ശക്തിയുടെ പ്രവൎത്തനത്തെ വഴിതിരിക്കുവാൻ സാധിക്കുകയില്ലെന്നും ബോൾഷവിക്കുകാർ വിശ്വസിക്കുന്നില്ല. നമ്മുടെ ബുദ്ധിക്കും ഇന്ദ്രിയങ്ങൾക്കും അതീതമായി ഈ പ്രപഞ്ചത്തിൽ യാതൊന്നുമില്ല."

ഇങ്ങനെ പോകുന്നു ആ സഖാവിൻെറ 'അരുളപ്പാടുകൾ.' സ. ദാമോദരന് ഇതൊന്നും അറിയായ്കയില്ല. ഈശ്വരശക്തിയിൽ പുളകംചാർത്തുന്ന കേരളത്തെ വശീകരിക്കുവാൻ ഈ നിരീശ്വരതാപ്രകടനങ്ങൾ പററില്ലെന്നു ദാമോദരൻ കരുതി. ഉടനെയൊരു വിദ്യ കണ്ടുപിടിച്ചു. അതനുസരിച്ച് യേശുക്രിസ്തു മോസ്കോവിലാണെന്നു പറഞ്ഞുപരത്തി അങ്ങനെ കേരളത്തിലെ 30 ലക്ഷം ക്രിസ്ത്യാനികളെ ഒന്നു മിരട്ടാൻ നോക്കി; അത്രമാത്രം.

സ. ദാമോദരൻെറ ആ പുസ്തകത്തിനു മറെറാരു ഗൂഢോദ്ദേശ്യം കൂടിയുണ്ട്. നാലാംനൂററാണ്ടുമുതലുള്ള സകല മാർപ്പാപ്പാമാരും ചക്രവൎത്തികളുടെ പിന്താങ്ങികളാണെന്ന് സ്ഥാപിച്ചു കത്തോലിക്കാതിരുസ്സഭയെ കരിതേയ്ക്കുവാൻ സഖാവ് കൊണ്ടുശ്രമിച്ചിരിക്കുന്നു. ഒരു പ്രത്യേകമതവിഭാഗത്തിൻെറ അഭിമാനത്തെ— 45 കോടിയോളം വരുന്ന ജനതയുടെ ഹൃദയത്തെ— ഒരു വാരിക്കുന്തപ്രയോഗം നടത്തി മുറിപ്പെടുത്തുവാനാണു സഖാവു സാഹസപ്പെട്ടതു്. മാർപ്പാപ്പായോടുള്ള ഈ ചന്ദ്രഹാസമിളക്കൽ നിങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കഴിഞ്ഞ ജൂബിലിവർഷത്തിൽ പന്ത്രണ്ടാംപീയൂസ് തിരു

മേനിയുടെ—പ്രശാന്തഗംഭീരനും പുണ്യപ്രഗല്ഭനുമായ ആ ആദ്ധ്യാത്മികകേസരിയുടെ—മുമ്പിൽ നമസ്കരിച്ചു വീണുകൊണ്ടു് അനേകശതം കമ്മ്യൂ. സഖാക്കൾ തങ്ങളുടെ പാർട്ടിക്കാർഡുകൾ കീറിക്കളഞ്ഞതോടെ റഷ്യൻചാരന്മാരുടെ പല്ലിറുമ്മൽ പൂർവ്വോപരി ശക്തിപ്പെട്ടിരിക്കയാണു്.

കോൺസ്റ്റൻറയിൽ ചക്രവർത്തിയുടെ കാലംതൊട്ടാണത്രെ ക്രൈസ്തവസഭ അധഃപതിച്ചതു്. അന്നുതൊട്ട് ഇന്നുവരെ പരി. മാർപ്പാപ്പാമാരെല്ലാം ചക്രവർത്തികളുടെ വെറും പാവകളും! നാലാംനൂററാണ്ടോടെ നശിച്ചുപോയി ക്രൈസ്തവസഭ! മദ്ധ്യശതകങ്ങളിലെ യൂറോപ്യൻപുരോഗമനത്തിൽ (മദ്ധ്യശതകങ്ങളിലാണു യൂറോപ്യൻനാഗരികത ഉയർന്നുവന്നതെന്നു സകല ചരിത്രകാരന്മാരും തലകുലുക്കിസമ്മതിക്കുന്നു) മാർപ്പാപ്പാമാർ വഹിച്ചിട്ടുള്ള പങ്കും നിർവ്വഹിച്ചിട്ടുള്ള ധീരസേവനങ്ങളും എന്തൊക്കെയെന്നു് ദാമോദരന്നു് അറിയാമോ? ക്രിസ്തുവിൻെറ പ്രതിപുരുഷന്മാർ ചക്രവർത്തികളുടെ വാലിൽത്തൂങ്ങികളാണത്രെ? അങ്ങനെയെങ്കിൽ എന്തിന്നാണു ജർമ്മൻചക്രവർത്തി ഓട്ടോപ്രഥമൻ പാപ്പയായ ജോൺ 12–ാമൻെറ നേർക്കു ചാടിവീണതു്? ഫ്റഞ്ചുചക്രവർത്തിയായ ഫിലിപ്പു നാലാമൻ ബനഡിക്റ്റ് 11–ാമനെ ബന്ധനത്തിലാക്കിയതു്? ഹെൻട്രി (ഇംഗ്ലണ്ടു്) എട്ടാമൻ എന്തിന്നാണു ഗർജ്ജിച്ചു് ഗദവീശിയതു്? നെപ്പോളിയനെന്തിന്നാണു് (1789_1815) പാപ്പായെ ഇരുമ്പഴിക്കുള്ളിലിട്ടതു്? ഹിററ്ലർ സഭയെ ഞെരുക്കിയതൊന്നും സഖാക്കൾ അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. മുസ്സോലിനിയുടെ ഒരു മൂക്കുകയറായിരുന്നു വാസ്തവം പറഞ്ഞാൽ പരിശുദ്ധപിതാവു_പതിനൊന്നാംപീയൂസ്. ചക്രവർത്തികളുടെ സാമ്രാജ്യദുരയേയും, സർവ്വാധിപതികളുടെ മർദ്ദനവിധാനങ്ങളേയും, മുതലാളികളുടെ മുഷ്കരതകളേയും ആദർശദാർഢ്യത്തോടെ അപലപിച്ചിട്ടുള്ളവർ മാർപ്പാപ്പാമാരല്ലെങ്കിൽ പിന്നെ ആരാണു്? അടിമകളുടെ തുടലുപൊട്ടിക്കുവാനുള്ള ആയിരമായിരം

പുരോഹിതന്മാരുടെ പുരോഗമനം മദ്ധ്യശതകചരിത്രത്തെ മനോഹരമാക്കിയിരിക്കുന്നു. ഈ ധീരസേവനത്തിനായി മാർപ്പാപ്പാമാരുടെ ആഹ്വാനമനുസരിച്ച് അനേകം പ്രേഷിതസംഘങ്ങൾതന്നെ രൂപമെടുത്തു. പ്രഭുക്കളുടെ കൊടുംഭീഷണികളും ഭീകരമർദ്ദനങ്ങളും സഹിച്ചുകൊണ്ട് ആ ധർമ്മയോദ്ധാക്കൾ മുന്നേറി. പീററർക്ലേവർ എന്ന ഒരൊററ വൈദികൻ 2 ലക്ഷം അടിമകളെയാണു സ്വതന്ത്രരാക്കിയതു്.

നാലാം നൂററാണ്ടോടെ സഭയുടെ സേവനപാരമ്പര്യം അസ്തമിച്ചുവെന്നു് അട്ടഹസിക്കുന്ന സഖാവു് ഈ വസ്തുതകൾ മനസ്സിലാക്കിക്കാണുകയില്ല. റോമാപാപ്പാമാരുടെ വമ്പിച്ച ധനനിക്ഷേപങ്ങളെക്കുറിച്ചു് ഒരു നീണ്ട പട്ടികയും ദാമോദരൻ കൊടുത്തിട്ടുണ്ട്. ഈ കള്ളക്കണക്ക് ഇററലിയിലെ ഒരു വില്ലവകാരിയും റാഡിക്കൽ സോഷ്യലിസ്ററുമായ നെന്നിൻ എന്ന മനുഷ്യനാണു് ആദ്യം വെളിക്കിട്ടതു്. ആ രേഖകൾ ശുദ്ധകളവാണെന്നു് അന്നുതന്നെ ഇററാലിയൻപത്രങ്ങളിൽ തെളിയിച്ചിരുന്നതാണു്. സ. ദാമോദരൻ ഈവിധം ഛർദ്ദിച്ചതു വിഴുങ്ങുന്നതു കാണുമ്പോൾ ആർക്കാണു് അസുഖം തോന്നാതിരിക്കുക?

എന്നാൽ ഒരു കാര്യം സത്യമാണു്. തിരുസ്സഭാതലവൻ വെറും പാപ്പരല്ല. വത്തിക്കാനെന്ന ഒരു സ്വതന്ത്രരണകൂടത്തിന്റെ ഭൗതികാധികാരികൂടെയാണദ്ദേഹം. അമ്പതോളം അമ്പാസിഡർമാർ (റഷ്യക്കാരില്ല) വത്തിക്കാനിൽ വസിക്കുന്നു. ലോകത്തിന്റെ വിദൂരകോണുകളിലും വത്തിക്കാന്റെ പ്രതിനിധികൾ ഉണ്ട്. 45 കോടി ജനങ്ങളുടെ അനിഷേധ്യനേതാവാണാ തിരുമേനി. ഭൂഗോളത്തിന്റെ വിവിധഭാഗങ്ങളിലായി 10 ലക്ഷം പ്രേഷിതഭടന്മാരാണു് അവിടുത്തെ ആഹ്വാനംകേട്ട് നാടുംവീടുംവിട്ട് സേവനരംഗത്തിറങ്ങിയിട്ടുള്ളതു്. പസിഫിക്കിലെ പവിഴപ്പുറ്റുദ്വീപിലും സഹാറായിലെ ചുട്ടുകാട്ടിലും ധ്രുവപ്രദേശങ്ങളിലെ ഹിമത്തടങ്ങളിലും അവർ എ

ത്തിക്കഴിഞ്ഞിരിക്കുന്നു. ആയിരമായിരം സൗജന്യാസ്പത്രികളും പരസ്സഹസ്രം പരോപകാരസ്ഥാപനങ്ങളും ആ തിരുമേനി നടത്തുന്നു. ഇന്ത്യയിൽത്തന്നെ എത്രയോ ധർമ്മസ്ഥാപനങ്ങൾ അവിടുത്തെ കരസ്പർശമേററു വളരുന്നു. ആസാമിലെ മലയിടുക്കുകളിൽചെന്ന് ക്രിസ്തീയമിഷനറിമാർ ചെയ്യുന്ന ധീരസേവനങ്ങളെപ്പററി ഗവർണ്ണർ ശ്രീ പ്രകാശ് ഈയിടെ ചെയ്ത പ്രസ്താവന ആരെയാണു പുളകംകൊള്ളിക്കാതിരിക്കുക? കാശ്മീരിലെ മഞ്ഞേററും താർമരുപ്പരപ്പിലെ ചൂടേററും വിന്ധ്യൻമലകളിലെ കൊതുകുകടിയേററും നിരന്തരം സാമൂഹികസേവനം ചെയ്യുവരവെ മലമ്പനിയും മഞ്ഞപ്പിത്തവും ക്ഷയവും ക്ഷീണവുമായി അകാലമരണമടയുന്ന കേരളീയയുവാക്കളെക്കുറിച്ചു വെറും മൈതാനപ്രസംഗികളായ കമ്മ്യൂണിസ്ററുകാർക്കു വല്ലതും അറിയാമോ? ഈ പ്രേഷിതസേനാവ്യൂഹത്തെ ക്രമാനുസൃതം പരിപാലിക്കേണ്ട മാർപ്പാപ്പ— സഹസ്രക്കണക്കിലുള്ള ധർമ്മസ്ഥാപങ്ങളിലേക്കു ധനസഹായം ചെയ്യേണ്ട ആ ധാർമ്മികചക്രവർത്തി—ഒരു ചില്ലിക്കാശില്ലാതെ കൈയുംമലത്തിവായും പൊളിച്ചുങ്ങിരിക്കണമെന്നാണോ സഖാവു ദാമോദരൻ പറയുന്നതു്?

കേരളത്തിലെ സുപ്രസിദ്ധ കഥാകൃത്തായ ശ്രീ. എസ്. കെ. പൊറെറക്കാട്ട് തന്റെ റോമാസന്ദർശനത്തെക്കുറിച്ച് മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ എഴുതിയിരുന്ന ലേഖനപരമ്പരകൾ വായിച്ചാൽ, പാപ്പാമാർ മനുഷ്യസമുദായത്തിനു ചെയ്യുന്ന അതുല്യസേവനത്തെക്കുറിച്ച് ഒരല്പജ്ഞാനമെങ്കിലും സഖാക്കൾക്കുണ്ടായേനെ. മതവിദ്വേഷികൾ പടച്ചിറക്കുന്ന കിംവദന്തികൾ അതേപ്പടി ശാപ്പിടുന്ന ചിലചില എഴുത്തുകാർ റോമാമാർപ്പാപ്പാമാരെക്കുറിച്ചു വിഡ്ഢിയെഴുതുന്നതു കാണുമ്പോൾ ഞങ്ങൾക്കു ചിരിവരുകയാണ്.

ഹിററ്ലറുടെ മർദ്ദനനുകത്തിൽനിന്നു ചാടിക്കടന്ന ആയിരക്കണത്തിനു യഹൂദർക്കാണു പാപ്പാ സങ്കേതമരുളിയതു്.

ഇപ്പോഴത്തെ സഭാതലവനായ പന്ത്രണ്ടാംപീയൂസ് തിരുമേനിയുടെ വിശാലഹൃദയം ഇതിനകം നാനാമതസ്ഥരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായിരിക്കുന്നു. യുദ്ധാനന്തരഭക്ഷ്യക്ഷാമം പരിഹരിക്കാൻ 30 ലക്ഷം കിലോഗ്രാം തൂക്കംവരുന്ന ഭക്ഷണപ്പാഴ്സലുകളാണു വിവിധരാജ്യങ്ങളിലേക്കു തിരുമേനി അയച്ചതു്. ജർമ്മനിയിലേയ്ക്കുതന്നെ 200 റെയിൽവേ വാഗൺ ഭക്ഷണസാധനങ്ങൾ അവിടുന്നയച്ചു. 1947-ൽ യുദ്ധാനന്തരക്ഷാമനിവാരണാർത്ഥം 70 ലക്ഷം പവനാണു പന്ത്രണ്ടാം പീയൂസ് വിതരണം ചെയ്തതു്. അപ്പോൾ കമ്മ്യൂണിസ്റ്റുകാർ പറയും "അദ്ദേഹം എന്നാലൊരു കോടീശ്വരനാണ്" എന്ന്. സ്വാമിവിവേകാനന്ദൻ, മഹാത്മജി തുടങ്ങിയവർ രാമകൃഷ്ണമിഷൻ, ഹരിജനോദ്ധാരണസംഘം മുതലായ മഹാപ്രസ്ഥാനങ്ങൾവഴി ലക്ഷക്കണക്കിനു സംഖ്യ ചെലവുചെയ്തതു് അവരൊക്കെ കോടീശ്വരന്മാരായിട്ടാണോ? ഉദാരമതികളിൽനിന്നു കിട്ടുന്ന ചെറുചെമ്പുകാശുകൾ കൂട്ടിയിട്ടാണു മാർപ്പാപ്പാമാർ ഈ സംഖ്യയെല്ലാം സംഭരിച്ചു വിതരണം ചെയ്യുന്നതു്. 100 ലക്ഷം രൂപ ഈയിടെ റഷ്യയിൽനിന്നു ലഭിച്ച ഇന്ത്യൻ കമ്മ്യൂ. പാർട്ടി ഇന്നാട്ടുകാരായ അർദ്ധപ്പട്ടിണിക്കാർക്കു് ഒരു ചില്ലിക്കാശു കൊടുത്തിട്ടുണ്ടോ? മൂന്നുമാസംമുമ്പു് അഖിലകേരള കമ്മ്യൂ. പാർട്ടിയുടെ ഒരു വർഷാന്തസമ്പൂർണ്ണസമ്മേളനം (പ്ലീനം) നടക്കുകയുണ്ടായി. അന്നാട്ടുകാർ പറയുന്നതു ശരിയാണെങ്കിൽ, അയ്യർനമ്പൂതിരിയുടെ ആശ്രമപ്പറമ്പിൽ കൂടിയ ഒളരിക്കരയിലെ ആ ഒളിസമ്മേളനം കൊന്നുതിന്ന കോഴികളുടെ കുന്നുകുന്നായിക്കിടന്ന പപ്പുംതൂവലുമല്ലാതെ മററുവല്ലതും നാട്ടുകാർക്കു സമ്മാനിച്ചോ?

'o' വലിപ്പത്തിലുള്ള തൃശ്ശൂർരൂപതയിൽ രണ്ടുലക്ഷം രൂപാ സാധുക്കൾക്കു നല്കിയതായി വി. ഡി. പോൾ സംഘത്തിന്റെ വാർഷികറിപ്പോർട്ടിൽ കാണുന്നു. നൂറുനൂറു യുവജനങ്ങൾ അഗതിശുശ്രൂഷ നടത്തുന്നു. നിർദ്ധനരായ വിദ്യാർത്ഥി

കളെ ഹൈസ്കൂളിലും കോളേജിലും പഠിപ്പിക്കുന്നു. കഴിവില്ലാത്തവർക്കു കറവപ്പശുവിനെ വാങ്ങിക്കൊടുക്കുന്നു; നെയ്ത്തുതറികൾ നിർമ്മിച്ചുകൊടുക്കുന്നു. നിഷ്കാമമായ സേവനത്തിന്റെ ഈ വിവിധരൂപങ്ങൾ കാണുമ്പോൾ ആരാണു വിസ്മയിക്കാതിരിക്കുക! എല്ലാ രൂപതകളിലും ഇതുതന്നെ തുടരുന്നു.

എന്നാൽ രാഷ്ട്രീയനിഗ്രഹോദ്ദേശ്യങ്ങൾകൂടാതെ ഈദൃശങ്ങളായ വല്ല സേവനവും സഖാക്കൾ നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ പറയട്ടെ.

ഇന്നാട്ടിലെ കർഷകരുടേയും തൊഴിലാളികളുടേയും സാമ്പത്തികസുസ്ഥിതിയ്ക്കും സാമൂഹികഭദ്രതയ്ക്കും ഈ ദാനധർമ്മങ്ങൾ ഒട്ടും മതിയാവുകയില്ലെന്നു ഞങ്ങൾക്കറിയാം. രാഷ്ട്രീയാധികാരമില്ലാത്ത ഒരു ആദ്ധ്യാത്മികമണ്ഡലത്തിൽനിന്നു കൊണ്ടു് ഈദൃശങ്ങളായ ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്യാനേ ആർക്കും സാധിക്കൂ. സമത്വവും പുരോഗമനാത്മകവുമായ സാമ്പത്തികവീക്ഷണത്തോടുകൂടി ഇന്നാട്ടിലെ തൊഴിലാളിപ്രശ്നത്തെയും ഭൂപ്രശ്നത്തെയുമൊക്കെ കൈകാര്യം ചെയ്യുക ജനകീയഗവണ്മെന്റിന്റെ ചുമതലയിൽപ്പെടുന്നു.

എന്റെ സമർത്ഥനം ഇത്രയേയുള്ളൂ. ജീവകാരുണ്യപ്രവർത്തനങ്ങളിൽ വ്യക്തിഗതമായി താൽപര്യമില്ലാത്ത ഒരുകൂട്ടർ ഭരണകൂടം കൈയിൽകിട്ടിയാൽ കരിങ്കടൽത്തീരത്തു മൂന്നു വേനൽക്കാലരാജമന്ദിരങ്ങൾ നിർമ്മിച്ച സഖാവു് സ്റ്റാലിനെത്തന്നെ അനുകരിക്കും. അവരുടെ ഭരണകാലത്തു പട്ടിണികിടന്നു പിച്ചപ്പാളയെടുത്തു നടക്കുന്നവരെ തെരുവുകളിൽനിന്നു കമ്മ്യൂ. പോലീസ് ആട്ടിയോടിക്കുകയും ചെയ്യും. കത്തോലിക്കരിൽ പിശുക്കന്മാരില്ലെന്നോ പിന്തിരിപ്പന്മാരില്ലെന്നോ ഞാൻ പറയുന്നില്ല. കമ്മ്യൂ. സഖാക്കളാൽ കരിതേയ്ക്കപ്പെടത്തക്കവണ്ണം അത്രയ്ക്കൊന്നും അധഃപതിച്ചിട്ടില്ല കത്തോലിക്കരെന്നേ എനിക്കു വിവക്ഷയുള്ളൂ.

ക്രൈസ്തവരുടെ മനോഹരദൈവാലയങ്ങളും വെണ്മയുള്ള ബലിപീഠങ്ങളും കാണുമ്പോൾ 'കണ്ണുകടി'ക്കുകയാണു കമ്മ്യൂണിസ്റ്റുകാർക്ക്. കേരളത്തിലെ ക്രൈസ്തവർ ആറുത്തുത്തു തൊറുന്നാട്ടും കാട്ടുകേറി കൃഷിചെയ്തും മാനമായി ജീവിക്കുന്നു. തങ്ങളുടെ ദൈവാലയം ചിതൽപിടിക്കാനോ വൈദികർ അനാഥരായി അലഞ്ഞുതിരിയാനോ അവർ സമ്മതിക്കുന്നില്ല. അവരുടെ മെത്രാന്മാർ സ്ഥാനോചിതമായി സാഭിമാനം വർത്തിക്കുന്നതിൽ സ: ദാമോദരൻ വിഷമിക്കരുത്.

തൊഴിലാളികളെ ചൂഷണംചെയ്യുന്ന ദുഷിച്ച മുതലാളികളെ സഭാപിതാക്കന്മാർ ചങ്കൂറ്റത്തോടെ എതിർത്തുവരികയാണ്. പതിമൂന്നാംലെയോയുടെ 'റേരുംനൊവാരും' സഖാവൊന്നു വായിച്ചുനോക്കട്ടെ. ഈ പതിമൂന്നാംലെയോ ഒരു സോഷ്യലിസ്റ്റാണെന്നു പറഞ്ഞു തുള്ളിപ്പറന്ന യൂറോപ്പിലെ മൂരാച്ചിപ്രഭുക്കളെക്കുറിച്ചു ദാമോദരൻ അറിഞ്ഞിട്ടില്ല. വമ്പിച്ച ട്രേഡ്‌യൂണിയൻ നേതാവായിരുന്ന ജർമ്മനിയിലെ ബിഷപ്പ് കെട്‌ലറിനെക്കുറിച്ചു സഖാവു കേട്ടിട്ടില്ല.

കപ്പൽതൊഴിലാളികളുടെ പണിമുടക്കം നയിച്ച ഇംഗ്ലണ്ടിലെ കാർഡിനൽ മാനിംഗിനെ മാർക്സിസ്റ്റുകാർ മാനിക്കുന്നില്ല. ഏഴകളുടെ തോഴനായ ഫാദർ ജോസഫ് കാഡയിന്റെ സേവനങ്ങൾ ഇക്കൂട്ടർ കണ്ടിട്ടില്ല. അവിടെയാണ് 'അക്കിടി.'

ഇക്കൊല്ലം റോമിലെ പ്രഭുകുടുംബങ്ങളിലെ ചില അംഗങ്ങൾ 12-ാം പീയൂസ് തിരുമേനിയെ സന്ദർശിച്ചു നവവത്സരഭാവുകങ്ങൾ ആശംസിച്ച അവസരത്തിൽ അവിടുന്ന് അവരോടിപ്രകാരമാണു പറഞ്ഞത്: "നിങ്ങളുടെ പൂർവ്വികമഹിമകളും സാമൂഹികപദവികളും നിങ്ങൾക്കു നഷ്ടീഭവിച്ചിരിക്കുന്നു. വർത്തമാനകാലത്തിന്റെ യാഥാർത്ഥ്യത്തെ തന്റേടത്തോടും, അച

ഞ്ചലരായും നിങ്ങൾ അഭിമുഖീകരിക്കണം..... നിങ്ങൾക്കു സാധാരണജനങ്ങളിൽനിന്നു ഭിന്നമായ യാതൊരവകാശവും ഇററാലിയൻഭരണഘടന വാഗ്ദാനംചെയ്യുന്നില്ല. ചരിത്രത്തിന്റെ ഒരു താൾ മറിയ്ക്കപ്പെട്ടിരിക്കുന്നു. ഒരദ്ധ്യായം സമാപിച്ചിരിക്കുന്നു; കഴിഞ്ഞുപോയ കാലം വരയിട്ടു വേർപെടുത്തപ്പെട്ടിരിക്കുന്നു; സാമൂഹികവും സാമ്പത്തികവുമായ പ്രത്യേകത എന്നേക്കുമായി അസ്തമിച്ചിരിക്കുന്നു.

"ഒരു പുതിയ അദ്ധ്യായം തുറന്നിരിക്കയാണ്. വളരെ വ്യത്യസ്തമായ ജീവിതരീതികളെ അതുൽഘാടനം ചെയ്യുന്നു. ആക്കും ഇഷ്ടംപോലെ വ്യാഖ്യാനിക്കാം ഈ പരിവർത്തനത്തെ. പക്ഷെ, ഇതു ചരിത്രത്തിന്റെ അലംഘനീയവും അപ്രതിഹതവുമായ പുരോഗതിയുടെ ഒരു പാദമുദ്രയാകുന്നു. ഉച്ഛ്വസിച്ചതപം പുലർത്തുകയും അങ്ങനെ ഒരു ജനവിഭാഗത്തിന്റെ വൈരാഗ്യത്തിനു വളംവയ്ക്കുകയും ചെയ്യുന്നതുകൊണ്ടു നിങ്ങൾക്കെന്തു പ്രയോജനം? കലർപ്പില്ലാത്ത പരമാത്മത്തിന്റെ മുമ്പിൽ ഒടുവിൽ സകലരും ശിരസ്സുനമിച്ചേ മതിയാവൂ. ഭീരുക്കളാകാതെ, ചഞ്ചലരാകാതെ നിങ്ങൾ കാലത്തിനൊത്തു നീങ്ങുക..... ജനതയുടെ ഉൽക്കർഷത്തിന് അരയും തലയും മുറുക്കുക. പൊതുജീവിതത്തിൽ വിലയേറിയ പല സംഭാവനകളും നല്കാൻ നിങ്ങൾക്കു കഴിയും. സമകാലികമായ വാസ്തവികതയെ ഗ്രഹിക്കത്തക്കവണ്ണം വീക്ഷണവൃത്തത്തെ വികസിപ്പിക്കുകയും നിസ്സങ്കോചം സാധാരണജനങ്ങളുമായി കൈകോർത്തു പ്രവർത്തിക്കുകയും അങ്ങനെ സുന്ദരമായ ഒരു സാമൂഹികനീതിയെ കെട്ടിപ്പടുക്കുകയും ചെയ്യുക." പ്രഭുക്കന്മാരുടെ പിന്താങ്ങികളാണു മാർപ്പാപ്പാമാരെന്നു മുദ്രയിടുന്ന കമ്മ്യൂണിസ്ററുകൾ ഈ പ്രസ്താവനയെക്കുറിച്ച് എന്തു പറയുന്നു?

റഷ്യയിലെ ഭീകരമർദ്ദനങ്ങളെ തൊലിയുരിഞ്ഞു കാണിക്കുന്നുവെന്നതാണു പാപ്പാമാരോടുള്ള സ്റ്റാലിന്റെ വിരോധം.

# റഷ്യയുടെ തനിനിറം

വിശ്വപ്രസിദ്ധനായ ഒരു കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു ജനറൽ കമ്പാസിനോ. സ്പെയിനിൽ 1936–39-ൽ നടന്ന സമരത്തിന്റെ തലവൻ. 1,39000 കത്തോലിക്കരെ കഴുത്തറുത്ത ആ ദുരന്തനാടകത്തിന്റെ നെടുംനായകൻ. അനേകായിരം ദേവാലയങ്ങളെ ആ വിപ്ലവകാരി ചുട്ടെരിച്ചു. അനേകശതം ദിവ്യസക്രാരികൾ ആ നിരീശ്വരൻ കുത്തിപ്പൊളിച്ചു. പക്ഷേ ആ സമരത്തിൽ സ്പെയിനിലെ കത്തോലിക്കരാണ് അവസാനം ജയിച്ചതു്. ഉടനെ കമ്പാസിനോ ഒളിവിൽ പോയി. 1939-ൽ ഹാവർ തുറമുഖത്തു് ഒരു റഷ്യൻകപ്പൽ വന്നുനിന്നു. സ്പെയിനിലെ കമ്മ്യൂ. നേതാക്കൾ അതിൽകയറി. നേതാവു ജനറൽ കമ്പാസിനോ അടക്കം 350 വിപ്ലവവീരന്മാർ. 'പ്രവദ'യുടെ പ്രസിദ്ധ ലേഖകനായ ജൂലിയ ഹെർബർഗ്ഗും ആ സ്വീകരണക്കപ്പലിൽ ചെന്നിരുന്നു. കപ്പൽ റഷ്യൻ തുറമുഖത്തെത്തി. വമ്പിച്ച സ്വീകരണം ആ സ്പാനിഷ് സുഹൃത്തുക്കൾക്കു കിട്ടി. ഇന്റർനാഷനലിന്റെ തലവൻ പെഷ്പ്പാ കമ്പാസിനോയെ മുക്തകണ്ഠം പ്രശംസിച്ചു. ജനറൽ കമ്പാസിനോ കുറച്ചുകാലം റഷ്യയിൽ ചുററിസഞ്ചരിച്ചു. കമ്മ്യൂണിസ്റ്റുകാരുടെ ആ കണ്ണിലുണ്ണി ആ പര്യടനത്തിനുശേഷം റഷ്യ വിട്ടു. അദ്ദേഹമിപ്പോൾ ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ടു്. (സ്പെയിനിലെ യോനകനായ ആ ഭീകരപ്രവൎത്തകൻ സോവ്യററ് റഷ്യയിലെ മർദ്ദനവിധാനങ്ങൾ കണ്ടു് ഈവിധം മനസ്സലിയണമെങ്കിൽ!)

"Life and Death in U. S. S. R." "സോവ്യററ് റഷ്യയിലെ ജീവിതവും മരണവും" എന്നാണ് ആ അഭിനവ ഗ്രന്ഥത്തിന്റെ പേർ. കമ്പാസിനോ എഴുതിയിരിക്കയാണ്: "ഹൃദയഭേദകമായ കാഴ്ചകൾ ഞങ്ങൾ ലെനിൻഗ്രാഡിൽ കണ്ടു. ഇടിഞ്ഞുപൊളിഞ്ഞ കൊച്ചുകുടിലുകൾ, അസ്ഥികൂടംപോലെയുള്ള ചെററക്കുടിലുകൾ—അതാണു റഷ്യൻതൊഴിലാളികളുടെ നിത്യവ

സതികൾ. ഞാൻ പെപ്പോയോടു ചോദിച്ചു: "സ്നേഹിതാ, തൊഴിലാളികൾക്കു ചെററക്കുടിലുകളോ?" "ഞങ്ങൾ ഫാക്ടറിയെ വിലമതിക്കുന്നു" എന്നാണു് അപ്പോൾ പെപ്പോ പ്രതിവചിച്ചതു്. സ്റ്റേഷനിൽ കണ്ട കാഴ്ച ദയനീയംതന്നെ. കീറിപ്പഴകിയ വസ്ത്രങ്ങളുടുത്ത, ഒട്ടിയ വയറുകളോടുകൂടിയ, കുറെ മനുഷ്യക്കോലങ്ങൾ. ഞങ്ങളെ കണ്ടയുടൻ പിച്ചച്ചിരട്ടയുമായി അവർ പാഞ്ഞെത്തി. തൽക്ഷണം ഒരു സംഘം പോലീസ് അവരെ അടിച്ചു പമ്പകടത്തി." ജനറൽ കമ്പാസിനോ തുടരുന്നു: "ലെനിൻഗ്രാഡിൽനിന്നു മോസ്കോവിലേയ്ക്കു ഞങ്ങൾ ട്രെയിനിലാണു പോയതു്. സ്പാനിഷ് കമ്യൂ. മേധാവിയെന്ന നിലയിൽ എന്നെ മോസ്കോവിലെ ജനങ്ങൾ പാർത്തിരുന്നു. മെരിനോ ഹൗസിലായിരുന്നു ഞാൻ താമസിച്ചതു്. ഞാൻ ഫ്റീൻസിലെ പടത്തലവന്മാരുടെ ഒരു കളരിയിൽപോയി. അവിടെ 6,000 വിദ്യാർത്ഥികളുണ്ടു്. അവരിൽ 5994 പേരും ഉയർന്ന കമ്മ്യൂണിസ്റ്റുകാരുടെ മക്കളാണു്. തൊഴിലാളിവർഗ്ഗത്തിൽനിന്നു 6 പേർമാത്രം. മൂന്നു രീതിയിൽ ഭക്ഷണം കൊടുക്കുന്നു. പ്രഫസർമാർക്കും എനിക്കും ഒന്നാംതരം. കീഴുദ്യോഗസ്ഥന്മാർക്കു രണ്ടാംതരം. വിദ്യാർത്ഥികൾക്കു വേറൊരുതരം."

## 230 ലക്ഷം അടിമകൾ

ഹൃദയസ്പൃക്കായവണ്ണം ജനറൽ കമ്പാസിനോ ഒരു വസ്തുത വെളിപ്പെടുത്തുന്നു: റഷ്യയിലെ അടിമത്താവളങ്ങളുടെ ഒരു നീണ്ട പട്ടിക. വ്ളാഡിവസ്കോയിലും സെബാസ്റ്റപ്പോളിലും കാർക്കോവിലും ആർട്ടിക്തീരത്തും കരിങ്കടൽ കരകളിലും അടിമവേല ചെയ്യുന്നവരുടെ ഒരു സ്ഥിതിവിവരക്കണക്കു്. ജനറൽ കമ്പാസിനോയുടെ വിവരണത്തെത്തന്നെ നമുക്കനുഗമിക്കാം. "ഞാൻ വെല്ലുവിളിക്കുന്നു. സർവ്വാധിപതിയായ സ്റ്റാലിനേയും രഹസ്യപ്പോലീസ് മേധാവിയായ ബെറിയേയും വിദേശമന്ത്രിയായ വിഷിൻസ്കിയേയും ഞാനിതാ വെല്ലുവിളിക്കുന്നു.

1949-വരെ എൻെറ കണ്ണിൽകണ്ട നഗ്നസത്യങ്ങളാണ് ഞാനി നിരത്തിവെയ്ക്കുന്നത്. ഒരു കമ്മീഷൻെറ മുമ്പാകെ ഈ വസ്തുതകൾ തെളിയിക്കുവാൻ ഞാൻ സന്നദ്ധനാണ്. ആകെ 23 മില്യൻ (230 ലക്ഷം) അടിമവേലക്കാർ സോവിയററ് റഷ്യയിലുണ്ട്. അർദ്ധപ്പട്ടിണികിടന്നു കഠിനവേല ചെയ്യുന്ന ഈ മനുഷ്യസഹോദരങ്ങളെ വീണ്ടെടുക്കുവാനുള്ള ധാർമ്മികച്ചുമതല ലോകം മറന്നുകളയരുത്."

ജനറൽ കമ്പാസിനോ അനേകംപേജുകളിലായി വ്യക്തമായ രൂപത്തിൽ സ്ഥലവും എണ്ണവും അദ്ധ്വാനരീതിയും എല്ലാം വിവരിച്ചുകൊണ്ടാണ് ഈ 230 ലക്ഷത്തിൻെറ ദയനീയാനുഭവങ്ങൾ നമ്മുടെ മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്!

യേശുക്രിസ്തു മോസ്കോവിലുണ്ടെങ്കിൽ ആദ്യം അദ്ദേഹം ഈ 230ലക്ഷം മനുഷ്യജീവികളെ സ്വതന്ത്രരാക്കാതിരിക്കുമോ? ഇന്നും തടങ്ങലിൽ വെച്ചിട്ടുള്ള 4ലക്ഷം ജപ്പാൻകാരെ പുറത്താക്കാതിരിക്കുമോ? മോസ്കോവിലെ യാചകരെക്കുറിച്ചു കുമരപ്പയും മററും ചിലതു പറഞ്ഞപ്പോൾ ചാടിക്കുരയ്ക്കുന്ന കമ്മ്യൂണിസ്ററുകൾ സ്പാനിഷ് കമ്മ്യൂ. നേതാവിൻെറ ഈ പ്രസ്താവനയെക്കുറിച്ച് എന്തു പറയുന്നു? ക്രിസ്തു മോസ്കോവിലുണ്ടെങ്കിൽ ഈ സാധുപിച്ചക്കാരെ വിളിച്ചുകൊണ്ടുപോയി ക്രെംലിൻകോട്ടയിൽ വീര്യമുള്ള വീഞ്ഞും എരിവുള്ള ബ്രാണ്ടിയും കുടിച്ചു മദോന്മത്തരായി കഴിയുന്ന സ്റ്റാലിൻപ്രഭൃതികളുടെ സുന്ദരസോഫകളിൽ കയററിയിരുത്താതിരിക്കുമോ? 1951 ജൂലൈ 3-ാംതീയതി നടന്ന സ്വന്തംമകൾ ജറാലാനയുടെ രണ്ടാംകെട്ടിനു 280000 ഡോളറിൻെറ സാരിത്തരങ്ങൾ സമ്മാനിച്ച സഖാവുസ്റ്റാലിനെ നോക്കി, ലെനിൻഗ്രാഡിലും മററും കീറിപ്പറിഞ്ഞ പഴന്തുണിയുടുത്തു പട്ടിണികിടക്കുന്ന ആ പാവങ്ങൾക്കുവേണ്ടി ക്രിസ്തു ഉഗ്രശാസനം മുഴക്കാതിരിക്കുമോ? സഖാവു സമാധാനം പറയട്ടെ.

നിരീശ്വരവാദികളായ നിങ്ങളുടെ, സന്മാർഗ്ഗബോധമില്ലാത്ത നിങ്ങളുടെ, പ്രജാധിപത്യമര്യാദകളില്ലാത്ത നിങ്ങ

ളുടെ, വ്യക്തിസ്വാതന്ത്ര്യം ഊററിക്കുടിക്കുന്ന നിങ്ങളുടെ, കുടുംബഭദ്രതയെ തുരങ്കംവെയ്ക്കുന്ന നിങ്ങളുടെ, സ്വരാജ്യത്തെ ഒററിക്കൊടുക്കുന്ന നിങ്ങളുടെ, ആ കേന്ദ്രനഗരിയിൽ ക്രിസ്തുവിനുണ്ടോ ഇരിക്കപ്പൊറുതി കിട്ടുന്നു? ഏതായാലും മനുഷ്യത്വത്തെപ്രതിയെങ്കിലും തൻെറ ആ പുസ്തകത്തിന് അടുത്ത പതിപ്പിൽ "അന്തിക്രിസ്തു മോസ്കോവിൽ" എന്ന സമുചിത നാമം സമ്മാനിക്കുവാൻ സ: ദാമോദരൻ സന്നദ്ധനാകുമെന്നു ഞാൻ വിശ്വസിക്കട്ടെയോ?

കമ്മ്യൂ. വിരുദ്ധമുന്നണിയെപ്പററിയും ചില ചില ആഭാസങ്ങൾ സ. ദാമോദരൻ ആ പുസ്തകത്തിൽ പറയാതിരുന്നിട്ടില്ല. ഈയിടെയായി അങ്ങാണല്ലോ അവരുടെ തൊഴിലും. ഒരു കാര്യം സ്പഷ്ടമാണ്. പ്രബുദ്ധരായ കേരളീയർ കമ്മ്യൂണിസത്തെ കടിച്ചുതുപ്പിത്തുടങ്ങി. ക. വി. മുന്നണിയിൽ ഇന്നാട്ടിലെ ഹൈന്ദവ–മുസ്ലീം–ക്രിസ്ത്യൻജനത ഒന്നടങ്കം അണിനിരന്നുവരുന്നു. ഇതൊക്കെക്കാണുമ്പോൾ സഖാക്കൾ പലതും തുള്ളിക്കളിക്കുകയാണ്. ചന്ദ്രനുദിച്ചുപൊങ്ങുമ്പോൾ പല്ലിളിച്ചു വാലിളക്കി ചാടിക്കുരയ്ക്കുന്ന നായാട്ടുനായ്ക്കളുണ്ടോ ചന്ദനശീതളമായ സോമകിരണങ്ങളേററു വിടർന്നുവിലസുന്ന ആമ്പൽപ്പൂക്കളുടെ ഗന്ധമറിയുന്നു!

* * *

## ചെകുത്താൻെറ വേദാന്തം

ഈ പതിപ്പിൽ ഇങ്ങനെയൊരദ്ധ്യായം എഴുതിച്ചേർക്കാൻ ഒരു കാരണമുണ്ട്. ഈയിടെ സ: ദാമോദരൻ തൻെറ ആ ക്ഷുദ്രഗ്രന്ഥത്തിന് ഒരു പുതിയ പതിപ്പ് പുറത്തിറക്കിയിരിക്കുന്നു. അതിൽ 'അതേ മോസ്കോവിൽത്തന്നെ' എന്നൊരദ്ധ്യായം ഏടിപ്പിടിപ്പിച്ചിട്ടുണ്ട്.

സഖാവു ദാമോദരൻ ആ അദ്ധ്യായത്തിൽ ആക്രോശിക്കുകയാണ്: "ഞാനെൻെറ പുസ്തകത്തിൽ ഉന്നയിച്ച ഒരൊററ വാദത്തെപ്പോലും ബ്രദർ വടക്കൻ നിഷേധിക്കുന്നില്ല".

ഷേ, സഖാവേ, ഏതുവാദത്തെയാണു ഞാൻ നിഷേധിക്കാത്തതു്? വാദങ്ങളുടെ പരിധിയിൽപ്പെടുന്ന എത്ര വാചകങ്ങൾ ആ പുസ്തകത്തിലുണ്ടു്? എത്ര വാദങ്ങൾ ഞാൻ നിഷേധിക്കാതെ ഇനിയതിൽ അവശേഷിച്ചിട്ടുണ്ടു്? ഇതെല്ലാം ഒന്നു ചൂണ്ടിക്കാട്ടിത്തന്നാൽ കൊള്ളാം. ആ പുസ്തകത്തിലെ കുറെയധികം പേജുകളിൽ ബൈബിളിലെ ദിവ്യസൂക്തികളാണു സഖാവു പകൎത്തിയെഴുതിയിട്ടുള്ളതു്. ക്രിസ്ത്യാനികളുടെ വേദഗ്രന്ഥത്തിൽനിന്നു പെറുക്കിയെടുത്ത അത്തരം വാക്യങ്ങൾ ഞാൻ നിഷേധിക്കണമെന്നാണോ സഖാവിന്റെ വാദം?

സഖാക്കൾ ക്രിസ്ത്യാനികളുടെ വേദഗ്രന്ഥമെടുത്തു് അമ്മാനമാടുന്നതിനുമുൻപു് തങ്ങൾക്കുതന്നെ സ്വന്തമായുള്ള ആ വേദഗ്രന്ഥക്കെട്ടൊന്നു തീൎത്തുവായിക്കണമെന്നും അതിനുശേഷം ബൈബിൾവ്യാഖ്യാനവ്യവസായം തുടങ്ങിയാൽമതിയെന്നുമാണു് എനിക്കു പറയാനുള്ളതു്.

'യേശുക്രിസ്തു മോസ്കോവിൽ' എന്ന പുസ്തകത്തിൽ സഖാവു് എടുത്തു നിരത്തിയിട്ടുള്ള വേദഗ്രന്ഥമൊഴികളെക്കുറിച്ചു് ഒരഭിപ്രായവ്യത്യാസവും എനിക്കില്ല. എന്റെ അഭിപ്രായവ്യത്യാസം സഖാക്കളുടെ 'വേദഗ്രന്ഥ'ത്തിൽ കാണുന്ന ചില ചില മൊഴികളോടാണു്. ചെകുത്താൻ ബൈബിൾ വായിക്കാൻ തുടങ്ങിയപ്പോൾ "ആ പുള്ളി" ചെകുത്താനാണു് എന്നൊന്നു തുറന്നു കാണിക്കുകമാത്രമേ എന്റെ ഈ കൊച്ചുപുസ്തകം ചെയ്തിട്ടുള്ളൂ.

നിഷേധിക്കാൻ നീട്ടിക്കാട്ടിയ സ: ദാമോദരന്റെ ചില വാചകങ്ങളൊന്നു നോക്കൂ:

"പക്ഷേ യേശുക്രിസ്തു മരിച്ചില്ല. നൂറുകണക്കിലുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ അദ്ദേഹം ഉയിർത്തെഴുന്നേററു."

('യേശുക്രിസ്തു മോസ്കോവിൽ' പേജ് 5)

ഇതെഴുതുന്ന ഘട്ടത്തിൽ റഷ്യൻ വിദ്യാഭ്യാസമന്ത്രിയായിരുന്ന ഒരു കമ്മ്യൂ: പ്രഗല്ഭന്റെ "ക്രിസ്തുപ്രേമം" ദാമോ

ദരൻ സ്മരിച്ചിരിക്കുമോ? "ഞങ്ങൾ ക്രിസ്തുമതത്തേയും ക്രിസ്ത്യാനികളേയും വെറുക്കുന്നു. അവരിൽ ഏററവും നല്ലവൻ പോലും നമ്മുടെ ഏററവും നികൃഷ്ടനായ ശത്രുവായി പരിഗണിക്കപ്പെടണം." (ലൂനാട്ട് ഷർസ്കി) ആചാര്യന്റെയും അന്തേവാസിയുടെയും വാചകങ്ങൾ തമ്മിലുള്ള പൊരുത്തം എത്ര സമഞ്ജസമായിരിക്കുന്നു! ഏതായാലും സ:ദാമോദരന്റെ ക്രിസ്തുപ്രേമം നീണാൾ വിജയിക്കട്ടെ!!

മറെറാരു ദാമോദരവാക്യമാണിതു്: ഗ്രീക്കുകാരനായാലും ശരി, റോമൻകാരനായാലുംശരി, യൂദനായാലുംശരി, ബാർബേറിയനായാലുംശരി, വോട്ടവകാശമില്ലാത്തവനായാലുംശരി, എല്ലാവരും സമന്മാർ; എല്ലാവരുടെ മുമ്പിലും ക്രിസ്തുവിന്റെ ആദർശങ്ങൾ ഉയർന്നുനിന്നു. (പേജ് 6)

ദാമോദരന്റെ ഈ "അഭിനന്ദനം" അന്തരംഗത്തിൽ അലതല്ലിക്കൊണ്ടാകണം കമ്മ്യൂ. പാർട്ടിയുടെ പ്രണേതാവായ കാറൽ മാർക്സ് 'ദാസ്ക്യാപ്പിററൽ' എന്ന പ്രമുഖഗ്രന്ഥത്തിൽ ഇപ്രകാരം എഴുതി വിട്ടതു്. "The democratic concept of man is false, because it is christian. The democratic concept holds that..... each man is a sovereign being. This is the illusion, dream and postulate of Christianity"--(Das Kapital-I Ed. ME. I, 1. p. 580).

ഇതാമലയാളം: "മനുഷ്യനെപ്പററിയുള്ള ജനാധിപത്യപരമായ ബോധം തെററാണു്; കാരണം, അതു ക്രിസ്തീയമാണു്. ജനാധിപത്യബോധത്തിന്റെ അടിസ്ഥാനം മനുഷ്യന്റെ പരമമായ വ്യക്തിത്വബോധമത്രേ. ഇതു് ക്രിസ്തുമതത്തിന്റെ സ്വപ്നവും വ്യാമോഹവുമാകുന്നു." ബൈബിൾ തുറന്നുപിടിച്ചു് ക്രിസ്തുവിനെയും ക്രിസ്തുമതതത്വങ്ങളെയും വാഴ്ത്തിപ്പുകഴ്ത്തുന്ന സ: ദാമോദരൻ 'ദാസ്ക്യാപ്പിററൽ' എന്ന സ്വന്തം വേദഗ്രന്ഥത്തിലെ പ്രസ്തുതവാചകം കണ്ടിട്ടുണ്ടോ ആവോ?

'ദാസ് ക്യാപ്പിററലെ'ടുത്തു 'വേദം' പ്രസംഗിക്കേണ്ട ഒരു

മാർക്സിസ്റ്റു് അതിനൊന്നും മുതിരാതെ—ക്രിസ്തുമതാദർശങ്ങളെക്കുറിച്ചു കമ്മ്യൂണിസ്റ്റുനേതാക്കൾക്കുള്ള അഭിപ്രായങ്ങളൊന്നും ഉരിയാടാതെ 'ഭഗവാൻ മാർക്സി'ന്റെ മൗലികപ്രബോധനങ്ങളൊന്നും പുറത്തിറക്കാതെ ബൈബിളങ്ങെടുത്തു് 'സ്വവിശേഷവേലയ്ക്കിറങ്ങിയിരിക്കുന്ന ഇറങ്ങല്ലു കണ്ടോ? ചെകുത്താന്റെ ഈ വേദോച്ചാരണം എത്ര കാലം നാട്ടുകാർ ശ്രവിക്കും? പടുവഞ്ചകരുടെ ഈ പ്രചാരണതന്ത്രങ്ങൾ എത്രനാൾ നമ്മൾ സഹിക്കും?

എനിക്ക് ഈ ചുമപ്പൻ സഖാക്കളോടു ചുരുക്കത്തിൽ അഭ്യർത്ഥിക്കാനുള്ളതു ഇതൊന്നുമാത്രമാണു്: ക്രിസ്തുൻ വേദോക്തികൾ നിങ്ങൾ പ്രചരിപ്പിക്കണമെന്നില്ല. പ്രഥമതഃ നിങ്ങൾ ചെയ്യേണ്ടതു് മാർക്സിയൻ'വേദോക്തികൾ' മനുഷ്യരെ പഠിപ്പിക്കുകയാണു്. സഖാക്കളുടെ നാക്കിൽനിന്നു നാട്ടുകാർ പ്രതീക്ഷിക്കുന്നതും അതാണു്. കാര്യമങ്ങു തുറന്നു പറയുക. കമ്മ്യൂണിസത്തിന്റെ കളറങ്ങു തൊലിയുരിഞ്ഞു കാണിക്കുക. കാറൽമാർക്സിന്റെ പ്രബോധനങ്ങൾ പ്രസ്പഷ്ടമായി പ്രചരിപ്പിക്കുക. എന്നിട്ടാവാം ക്രിസ്തുവിന്റെ പിന്നിൽ തൂങ്ങാൻ.

## 'സർവ്വജ്ഞന്'ായ സ: ദാമോദരൻ

സഖാവു് ദാമോദരൻ ഇക്കുറി മറെറാരു ഔദ്ധത്യപ്രകടനം നടത്തിക്കാണുന്നു. ആ പുതിയ അദ്ധ്യായത്തിൽ എഴുതിയിരിക്കയാണു്: "കമ്മ്യൂ. പാർട്ടികളുടെ ഔദ്യോഗികരേഖകളുടെ വേഷം കെട്ടിച്ചുകൊണ്ടു് അമേരിക്കൻ സാമ്രാജ്യവാദികൾ സർഗ്ഗചെയ്ത അനേകം നുണകളും താൻ സ്വന്തമായി ചമച്ചുണ്ടാക്കിയ അസംബന്ധങ്ങളും അദ്ദേഹം എഴുന്നെള്ളിച്ചിട്ടുണ്ടു്. ഉദാഹരണത്തിനു സഖാവു ലെലിനെകൊണ്ടു് അച്ചൻ പറയിപ്പിക്കുകയാണു്: "ചതി, അനീതിപരമായ [മാർഗ്ഗം, സൂത്രം, കള്ളം, സത്യംമറയ്ക്കൽ, കുതന്ത്രം ഇവയെല്ലാം നിങ്ങൾ അവസരോചിതം ഉപയോഗിക്കണം." ലെനിൻ ഒരിക്കലും പറഞ്ഞി

ട്ടില്ലാത്ത ഈ വാചകം എവിടെനിന്നാണെടുത്തിട്ടുള്ളതെന്ന് അച്ചൻ പറയുന്നില്ല. അഹോ! പുരപ്പുറത്തു കയറി ആത്മീയ വാദത്തെപ്പററി കൊട്ടിഘോഷിക്കുന്ന അച്ചന്മാരുടെ സത്യനിഷ്ഠ!"

സഖാവേ, അനേകഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള ഒരസാമാന്യവ്യക്തിയാവാം താങ്കൾ. അനേകായിരം ഗ്രന്ഥങ്ങൾ അരച്ചുകുടിച്ചിട്ടുള്ള ഒരസാധാരണ'ബുദ്ധിജീവിയാവാം താങ്കൾ.എന്നവരികിലും ഇന്നുവരെ സഖാവ് ഒരു സർവ്വജ്ഞനായിത്തീർന്നിട്ടില്ലെന്നാണു എനിക്കു പറയാനുള്ളത്. വി. ഐ. ലെനിൻ എഴുതിയിട്ടുള്ള "The Infantile Sickness of Leftism in Communism" എന്ന ഗ്രന്ഥം താങ്കൾ വായിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഉണ്ടെന്നു പറയുക. ഇല്ലെങ്കിൽ ഇല്ലെന്നു സമ്മതിക്കുക. ലെനിനെക്കൊണ്ടു് അച്ചൻ പറയിപ്പിച്ചതോ അതോ ലെനിൻ തന്നെ പറഞ്ഞതോ എന്നൊന്നാരായാതെ പൊട്ടുന്നനവെ ഇങ്ങനെ തുള്ളിക്കളിക്കാൻ തുടങ്ങിയാൽ അതൊക്കെ അല്പം പന്തികേടാണെന്നേ "സർവ്വജ്ഞ"നായ സഖാവിനോടു ഞാൻ പറയുന്നുള്ളൂ.

ഏതായാലും സ: ദാമോദരൻ ഒന്നു ചെയ്യേ തീരൂ. ഞാൻ ചൂണ്ടിക്കാട്ടിത്തന്ന ആ പുസ്തകം ഒരാവർത്തി വായിക്കുക. "ലെനിൻ ഒരിക്കലും പറഞ്ഞിട്ടില്ലാത്ത ഈ വാചകം" അതിൽ കണ്ടെത്തിയാൽ ഒട്ടും അമാന്തിക്കാതെ പത്രപംക്തികളിലൂടെ പരസ്യമായി അക്കാര്യം പ്രസിദ്ധീകരിക്കുക. മര്യാദ അല്പമെങ്കിലും ശേഷിച്ചിട്ടുണ്ടെങ്കിൽ എൻെറ അഭിമാനത്തെ സ്പർശിക്കുന്ന സഖാവിൻെറ ആ പ്രസ്താവന പിൻവലിക്കുക.

അർത്ഥശൂന്യങ്ങളായ വേറെയും ധാരാളം അസംബന്ധങ്ങൾ ആ ഒരൊററ അദ്ധ്യായത്തിൽ സഖാവ് തട്ടിവിട്ടിട്ടുണ്ട്. തൊഴിലാളികളെയും കർഷകരെയും ചൂഷണംചെയ്യുന്ന ഒരു ദുഷ്ടനായി എന്നെ ചിത്രീകരിക്കാനാണു സഖാവിൻെറ സകല ശ്രമങ്ങളും. ഈ ആരോപണങ്ങൾ എത്രത്തോളം ശരിയാണെന്ന് എന്നെ പരിചയമുള്ള കർഷകരും തൊഴിലാളികളുംതന്നെ വിധിച്ചുകൊള്ളും.

പക്ഷേ, ഒരുകാര്യം സഖാക്കൾ ധരിക്കണം. നിരീശ്വരവാദികൾക്കമാത്രമേ ഇന്നാട്ടിലെ കർഷകതൊഴിലാളികളെ സമുദ്ധരിക്കാനാകൂ എന്ന ബോധം സഖാക്കളൊന്നുപേക്ഷിക്കണം. തികച്ചും ആദ്ധ്യാത്മികാഭിനിവേശത്തോടെ പാവങ്ങളെ കരകയററുവാനല്ല കമ്മ്യൂ. വിരുദ്ധമുന്നണിപ്രവത്തകരുടെ പരിശ്രമങ്ങൾ നൂറുശതമാനവും വിജയിച്ചുവരുന്നുവെന്നതിന്റെ ലക്ഷണങ്ങൾ ഈയിടെ നടന്ന നഗരസഭാതെരഞ്ഞെടുപ്പിൽനിന്നെങ്കിലും സഖാക്കൾ മനസ്സിലാക്കണം. തൃശ്ശൂർ മുൻസിപ്പൽ കൗൺസിലിൽ 7 കമ്മ്യൂ. അംഗങ്ങളുണ്ടായിരുന്നത് ഇന്ന് ഒന്നായിക്കുറഞ്ഞതിന്റെ പിന്നിലുള്ള രഹസ്യമെന്താണെന്ന് സ: ദാമോദരനൊന്നന്വേഷിക്കണം. അപ്പോൾ അറിയാം ഞങ്ങളെപ്പോലെയുള്ളവർ നടത്തുന്ന മർദ്ദനവും ചൂഷണവും!!

“യേശുക്രിസ്തു മോസ്കോവിലോ?” എന്ന എന്റെ ഈ പുസ്തകത്തിലെ ശ്രദ്ധാർഹമായ ആ ഒരു ഖണ്ഡിക ഒന്നുകൂടി ഞാനിവിടെ ഉദ്ധരിക്കുന്നു: ഇന്നാട്ടിലെ കർഷകരുടെയും തൊഴിലാളികളുടെയും സാമ്പത്തികസുസ്ഥിതിക്കും സാമൂഹ്യഭദ്രതയ്ക്കും ഈ ദാനധർമ്മങ്ങൾ ഒട്ടും മതിയാവുകയില്ലെന്നു ഞങ്ങൾക്കറിയാം. രാഷ്ട്രീയാധികാരമില്ലാത്ത ഒരു ആദ്ധ്യാത്മികമണ്ഡലത്തിൽനിന്നുകൊണ്ട് ഈദൃശങ്ങളായ ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്യാനേ ആർക്കും സാധിക്കൂ. സമത്ഥവും പുരോഗമനാത്മകവുമായ സാമ്പത്തികവീക്ഷണത്തോടുകൂടി ഇന്നാട്ടിലെ തൊഴിലാളിപ്രശ്നത്തെയും ഭൂപ്രശ്നത്തെയുമൊക്കെ കൈകാര്യംചെയ്യുക ജനകീയഗവണ്മെണ്ടിന്റെ ചുമതലയിൽപ്പെടുന്നു. (26-ാംപേജ് കാണുക.)

എന്തിനധികം പറയുന്നു! സഖാക്കളുടെ ഒരു ചെപ്പടിവിദ്യയാണിത്; തൊഴിലാളികളുടെയും കർഷകരുടെയും കഷ്ടപ്പാടുകൾ എണ്ണിയെണ്ണിപ്പറഞ്ഞു കണ്ണീരൊഴുക്കുക; മർദ്ദനങ്ങളും ചൂഷണങ്ങളുംനടത്തുന്ന ദുഷ്ടമുതലാളികളെ മുക്കററം തെറിപറയുക; അതിനെത്തുടർന്ന്, കമ്മ്യൂ. വിരുദ്ധമുന്നണ

പ്രവൎത്തകരെയെല്ലാം ആ മുരച്ച മുതലാളികളുടെ പിന്താങ്ങികളായി 'ചന്തം ചാൎത്തുക!' സ: ദാമോദരനും ഈ കുലത്തൊഴിൽ ഉപേക്ഷിച്ചില്ല!

പക്ഷേ, ഇന്നാട്ടിലെ സാധുക്കൾ ഈ കമ്മ്യൂ. ജാടയുടെ അലകും പിടിയും കണ്ടുകഴിഞ്ഞിരിക്കുന്നു. ഈ പിത്തലാട്ടത്തിൽപെടുന്ന ആ പഴയ കാലമെല്ലാം അവരിൽനിന്നു പമ്പ കടന്നിരിക്കുന്നു. നിരീശ്വരക്കോമരങ്ങളുടെ അരുളപ്പാടുകളും അംഗവിക്ഷേപങ്ങളും ഞൊടിയിടകൊണ്ടു ഗ്രഹിക്കത്തക്കവണ്ണം ഒരു പുതിയ പ്രകാശവും പ്രബുദ്ധതയും കേരളത്തിലെ കൎഷകതൊഴിലാളികൾക്കു കരഗതമായിരിക്കുന്നു. അക്കാൎയ്യം ദാമോദരൻ അറിഞ്ഞില്ല; അതാണാശ്ചൎയ്യകരം!

'യേശുക്രിസ്തു മോസ്കോവിൽ' എന്നു മുക്രയിടുവാൻ സ: ദാമോദരനെ പ്രേരിപ്പിച്ച ആ മോസ്കോപ്രണയത്തിന്റെ അടിയൊഴുക്കും ആക്കത്തൂക്കവും നമ്മുടെ നാട്ടിലെ ഓരോ സാധുകൃഷീവലനും പാവപ്പെട്ട തൊഴിലാളിയും ഹൃദിസ്ഥമാക്കിത്തുടങ്ങിയെന്നു് ഇനിയെങ്കിലും കമ്മൂണിസ്റ്റുകാർ മനസ്സിലാക്കണം.

"...ക്രിസ്തീയ തൊഴിലാളികളെ നിരീശ്വരതത്വത്തിലേക്കു മനസ്സുതിരിക്കുവാൻ പച്ചനിരീശ്വരപ്രസംഗങ്ങളെക്കാൾ ആയിരംമടങ്ങു ഫലപ്രദമായിട്ടുള്ളതു് വൎഗ്ഗസമരമാണു്."

"Religion" By Lenin.

സഖാക്കളുടെ സാക്ഷാൽ 'ആചാര്യത്തിടമ്പു്' ചെയ്ത ഈ ആഹ്വാനം അക്ഷരശ: അനുസരിച്ചുകൊണ്ടു 'സാഹിത്യസേവനം' ചെയ്യുന്ന സ: ദാമോദരൻ "അതേ മോസ്കോവിൽതന്നെ" എന്നു് ഉദീരണംചെയ്യുമ്പോൾ, അതോടൊപ്പം "അന്തിക്രിസ്തു, അന്തിക്രിസ്തു" എന്ന ഒരനുസ്വരം ഈ മലനാട്ടിൽ മാറെറാലി കൊള്ളുന്നുണ്ടു്. പിന്നെ ഞാനെന്തിനു് പരിഭവിക്കണം? പരിഭ്രമിക്കണം?

Permissu Superiorum.

"കമ്മ്യൂണിസം നിരീശ്വരത്വമാണ്" എന്ന ഒരൊററക്കാര്യമേ ഈ ചെറുപുസ്തകത്തിൽ തെളിയിച്ചിട്ടുള്ളു. കമ്മ്യൂണിസത്തെ കുഴിച്ചുമൂടാൻ ഇനിയുമുണ്ട് നൂറുനൂറു കാരണങ്ങൾ.

കമ്മ്യൂണിസം പ്രജാധിപത്യക്രമത്തെ തുരങ്കംവയ്ക്കുന്നു. സ്വന്തം നാടിനെ റഷ്യയ്ക്ക് ഒററിക്കൊടുക്കുന്നു. വ്യക്തിസ്വാതന്ത്ര്യത്തെ ഊററിക്കുടിക്കുന്നു. കുടുംബഭദ്രതയെ കൊടുംകൊലചെയ്യുന്നു. കമ്മ്യൂണിസം സ്വേച്ഛാധിപത്യമാണ്. അത് ഏകകക്ഷിഭരണമാണ്, ഉദ്യോഗസ്ഥദുഷ്പ്രഭുത്വമാണ്, കൊലയാളിവാഴ്ചയാണ്".

നമുക്കതിനെ പിച്ചിച്ചീന്തണം; തച്ചുടയ്ക്കണം, ഉടനെ പിടലിപിടിച്ചു പുറത്താക്കണം. ഇക്കാര്യം എങ്ങനെ സാധിക്കും? നിങ്ങളുടെ നാട്ടിൽ **കമ്മ്യൂ. വിരുദ്ധമുന്നണി**യുടെ ഒരു 'സെൽ' ഉടനെ സ്ഥാപിക്കുക.

ചീഫ് ഓർഗനൈസർ,
അ. കേ. ക. വി. മുന്നണി, തോപ്പ്, തൃശ്ശൂർ.

**മാത്രംപോരാ.** .മറെറാരുകാര്യംകൂടിയുണ്ട്.

മനുഷ്യർക്കു മനുഷ്യോചിതമായി ജീവിക്കണം. തൊഴിലാളികൾക്കും ഭക്ഷണം കഴിക്കണം.

തൊഴിലാളിലക്ഷങ്ങളുടെ പുരോഗതിയാണ് കമ്മ്യൂ. വി. മുന്നണിയുടെ പുരോഗതി. തൊഴിലാളിവർഗ്ഗത്തിന്റെ സ്വന്തം സ്വത്താണ് **"തൊഴിലാളി" വാരിക.** അവരതിനെ ഓമനിച്ചുമ്മവയ്ക്കുന്നു! ആലപ്പുഴയിലാദ്യം അഞ്ചു് 'തൊഴിലാളി'യാണു വിററതു്. ഇപ്പോളതു് അഞ്ഞൂറായി! സകല വ്യവസായ കേന്ദ്രങ്ങളിലും 'തൊഴിലാളി' അടിയ്ക്കടി പ്രചരിക്കുന്നു. മുരടിച്ച മുതലാളിത്തത്തെ തൊലിയുരിഞ്ഞു കാണിക്കുന്ന നിശിതനിരൂപണങ്ങൾ—കമ്മ്യൂണിസ്റ്റ് കാപട്യങ്ങൾ വര

ച്ചു കാണിക്കുന്ന കഴമ്പുള്ള ലേഖനങ്ങൾ—കരളലിയിക്കുന്ന ചെറുകഥകൾ— കമനീയങ്ങളായ കവിതകൾ—മധുരമോഹനഗാനങ്ങൾ! വില രണ്ടണമാത്രം

എല്ലാസ്ഥലങ്ങളിലും ഏജൻറുമാരെ ആവശ്യമുണ്ട്.

മാനേജർ, 'തൊഴിലാളി'—തോപ്പ്—തൃശ്ശൂർ.

## കുടുംബത്തിൻെറ നേരെ

ശ്രീ നരിക്കുഴി

സ്റ്റാലിൻെറ രാജകൊട്ടാരത്തിനപ്പുറത്തുനിന്നു കുഞ്ഞുമക്കളുള്ള സാധുലക്ഷങ്ങളുടെ നിസ്സഹായനിലവിളികൾ ഉയർന്നു പൊങ്ങുന്നു . . . ചെങ്കൊടിയുടേയും ഇരിമ്പുകർട്ടൻെറയും ഉള്ളിലൊളിഞ്ഞുകിടക്കുന്ന ഭയങ്കര രഹസ്യങ്ങൾ! സഹൃദയലോകത്തെ അമ്പരിപ്പിക്കുന്ന യാഥാർത്ഥ്യങ്ങൾ! ഇന്നാട്ടിലെ സഖാക്കൾക്കു വളരെ ശല്യമായിത്തീർന്നിരിക്കുന്ന ഇപ്പുസ്തകത്തിൻെറ രണ്ടാംപതിപ്പു തയ്യാറായിരിക്കുന്നു. വില—മൂന്നണ.

## "വിപ്ലവവാഴ്ച"

(ജെ. നെടുങ്കല്ലേൽ)

ഈ ചെറുപുസ്തകത്തിൽ—കമ്മ്യൂണിസ്റ്റുമ്മാവന്മാരുടെ വാക്കുകൾകൊണ്ടുതന്നെ കമ്മ്യൂണിസത്തിൻെറ കുരുക്കഴിച്ചു വച്ചിരിക്കുന്നു; റഷ്യയിൽനിന്നു ലാസ്റ്റുവണ്ടിക്കു വന്നിറങ്ങി, യവരുൾപ്പെടെയുള്ള അനുഭവസ്ഥരുടെ അഭിപ്രായങ്ങളിൽ 'തൊഴിലാളിസ്വർഗ്ഗ'ത്തിൻെറ പൂച്ച തെളിച്ചു കാണിച്ചിരിക്കുന്നു. വില—മൂന്നണ.

ഉടൻ എഴുതുക:

എസ്. എച്ച്. ലീഗ്.

യു. സി. കോളജ് P.O. ആലുവാ

Printed at the J. M. Press, Alwaye, and Published by "S. H. League" Apostolic Seminary, Alwaye. 1952.

No - 1. C-T-1

# യേശുക്രിസ്തു മോസ്കോവിലോ?



ബ്രദർ വടക്കൻ